VOL NO: 07 I ISSUE 50
www.nerpatham.com
mail@nerpatham.com
2023 DECEMBER 16 I ₹10

# നേർപഥം

വാരിക

# ശരീഅത്തിന്റെ സവിശേഷതകൾ

സാർവകാലികവും സാർവജനീനവും സാര സമ്പൂർണവുമാണ് ഇസ്‌ലാമിക ശരീഅത്ത്. പ്രശ്ന സങ്കീർണമായ സമകാലിക ലോകത്ത് വിശ്വാസിയെ മുന്നോട്ടുനയിക്കാൻ ശരീഅത്തിനോളം നല്ലൊരു വഴികാട്ടിയില്ല. വിമർശനങ്ങളെ നിർമാണാത്മകമായി സമീപിച്ച് പഠനത്തിനവസരം നൽകിയ വേളയിൽ ശത്രുക്കളെ പോലും ഗുണഭോക്താക്കളാക്കിയ ചരിത്രമാണ് അതിന് പറയാനുള്ളത്.

## അറബി ഭാഷ; സവിശേഷതകൾ, സാധ്യതകൾ



|| മതവും മനുഷ്യനും

|| സമയത്തിനെന്തൊരു വേഗം!

|| വഴിപിഴയ്ക്കുന്ന മക്കളും പിഴപ്പിക്കുന്നവരും


WISDOM students
جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA
വിദ്യയിലൂടെ വെളിച്ചത്തിലേക്ക്
അൽബലാഗ്
ദഅ്‌വാ
സമ്മേളനം
2023
ഡിസംബർ
17
ഞായർ
4 PM
ജാമിഅഃ അൽ ഹിന്ദ്
അൽ ഇസ്‌ലാമിയ്യഃ
മിനി ഊട്ടി,
മലപ്പുറം
WISDOM STUDENTS - JAMIA AL HIND UNIT
യുവത്വം
നിർവചിക്കപ്പെടുന്നു
കേരള
യൂത്ത്
കോൺഫറൻസ്
WISDOM
YOUTH
2024
ഫെബ്രുവരി 10 11
മലപ്പുറം

0360

# നേർപഥം

വാരിക

2023 ഡിസംബർ 16
1445 ജു.ഉഖ്റാ 03
പുസ്തകം 07 / ലക്കം 50






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






മുഖമൊഴി
05 വഴിപിഴയ്ക്കുന്ന മക്കളും പിഴപ്പിക്കുന്നവരും

ലേഖനം
24 ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും
അബൂഫർഹാൻ ബിൻയൂസുഫ്, കോട്ടക്കൽ

ലേഖനം
06 സമയത്തിനെന്തൊരു വേഗം!
ഷഹബാസ് വള്ളുവമ്പ്രം

ലേഖനം
26 പ്രവാചകന്മാരെ അവഹേളിക്കുന്നവർ
ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ

ലേഖനം
08 മതവും മനുഷ്യനും
അബ്ദുറഊഫ് അൽഹികമി

ലേഖനം
30 ദൈവവിധിക്ക് അപ്പീൽ!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
18 അറബി ഭാഷ; സവിശേഷതകൾ, സാധ്യതകൾ
ഡോ. ടി. കെ യൂസുഫ്

ക്വുർആൻ ദർശനം
32 സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
22 ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-10
സുഫ്യാൻ അബ്ദുസ്സലാം

ബാലപഥം
34 പ്രയാസപ്പെടുന്നവരെ സഹായിക്കുക
അബൂഫായിദ



**‘കുടുംബ വ്യവസ്ഥയെ തകർക്കാനുള്ള ഒളിയജണ്ടകളെ കരുതിയിരിക്കുക’**

# വിസ്ഡം പാലക്കാട് ജില്ല ഫാമിലി കോൺഫറൻസ്

പുതുനഗരം: കുടുംബ വ്യവസ്ഥയെ തകർക്കാനുള്ള ഒളിയജണ്ടകൾക്കെതിരെ പൊതുസമൂഹം ജാഗ്രത പാലിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ, വിസ്ഡം യൂത്ത്, വിസ്ഡം സ്റ്റുഡന്റ്സ്, വിസ്ഡം വിമൺ, വിസ്ഡം ഗേൾസ് പാലക്കാട് ജില്ല സമിതികൾ ‘വിശ്വാസ വിശുദ്ധി, സംതൃപ്ത കുടുംബം’ എന്ന പ്രമേയത്തിൽ പുതുനഗരം മുസ്‌ലിം ഹൈസ്കൂൾ മൈതാനിയിൽ സംഘടിപ്പിച്ച ജില്ല ഫാമിലി കോൺഫറൻസ് ആവശ്യപ്പെട്ടു.

പ്രീ മാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസിലുകൾ മഹല്ല് കമ്മിറ്റികൾ സ്ഥിരം പദ്ധതിയായി ഏറ്റെടുക്കണം. വൈവാഹിക രംഗത്തെ ധൂർത്തിനും ആഭാസങ്ങൾക്കും സ്ത്രീധനത്തിനും തടയിടാൻ ക്രിയാത്മക കൂട്ടായ്മകൾ രൂപപ്പെടണം. ലഹരി ഉപയോഗം തടയാൻ വ്യവസ്ഥാപിതമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം.

ആറുമാസക്കാലത്തെ വൈവിധ്യമാർന്ന പ്രബോധന പ്രവർത്തനങ്ങളുടെ സമാപനമായി സംഘടിപ്പിച്ച ഫാമിലി കോൺഫറൻസിൽ ആലത്തൂർ, പാലക്കാട്, ഒലവക്കോട്, തച്ചമ്പാറ, മണ്ണാർക്കാട്, അലനല്ലൂർ, എടത്തനാട്ടുകര, പട്ടാമ്പി, ഒറ്റപ്പാലം എന്നീ മണ്ഡലങ്ങളിൽ നിന്നായി സ്ത്രീകളും കുട്ടികളുമടക്കം ആയിരങ്ങൾ പങ്കെടുത്തു.

സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ല പ്രസിഡന്റ് ഹംസക്കുട്ടി സലഫി അധ്യക്ഷനായി. വി.കെ. ശ്രീകണ്ഠൻ എം.പി, പുതുനഗരം ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എ.വി. അബ്ദുൽജലീൽ എന്നിവർ മുഖ്യാതിഥികളായി.

‘കുടുംബം നേരിടുന്ന വെല്ലുവിളികൾ’ എന്ന വിഷയത്തിൽ വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ടി.കെ. നിഷാദ് സലഫി, ‘സംതൃപ്ത കുടുംബം സാധ്യമാണ്’ എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, ‘കുടുംബം; കാഴ്ചയും കാഴ്ചപ്പാടും’ എന്ന വിഷയത്തിൽ പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ.ഹാരിസ് ബിൻ സലീം, ‘വിശ്വാസ വിശുദ്ധി സംതൃപ്ത കുടുംബം’ എന്ന വിഷയത്തിൽ ഹുസൈൻ സലഫി ഷാർജ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിസ്ഡം ജില്ല സെക്രട്ടറി റഷീദ് കൊടക്കാട്ട് സ്വാഗതവും വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് ഹസൻ അൻസാരി നന്ദിയും പറഞ്ഞു. വിസ്ഡം യൂത്ത് ജില്ല സെക്രട്ടറി നൗഫൽ കളത്തിങ്കൽ, വിസ്ഡം സ്റ്റുഡന്റ്സ് ജില്ല പ്രസിഡന്റ് അശ്റഫ് അൽഹികമി, സെക്രട്ടറി സുൽഫീക്കർ പാലക്കാഴി, നേർപഥം എഡിറ്റർ ഉസ്മാൻ പാലക്കാഴി, വിസ്ഡം സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങളായ പി.യു സുഹൈൽ, ഷൗക്കത്തലി അൻസാരി, വിസ്ഡം ജില്ല ട്രഷറർ മുജീബ് കൊടുവായൂർ, അബ്ദുൽ ഹമീദ് ഇരിങ്ങൽതൊടി, ഒ. മുഹമ്മദ് അൻവർ, ടി.കെ സദഖത്തുല്ല, അബ്ദുൽ കരീം മുളയങ്കാവ് എന്നിവർ സംബന്ധിച്ചു. ഓൺ ലൈനിലൂടെയും ആയിരങ്ങൾ സമ്മേളനം തൽസമയം വീക്ഷിച്ചു. സമ്മേളനത്തിന്റെ ഭാഗമായി പുസ്തകമേളയും സംഘടിപ്പിച്ചു.

# വഴിപിഴയ്ക്കുന്ന മക്കളും പിഴപ്പിക്കുന്നവരും

“എന്റെ കുട്ടി പഠിക്കുന്ന ഗവ. ഹയർ സെക്കന്ററി സ്കൂളിലെ പിടിഎ കമ്മിറ്റിയിൽ അംഗമാണ് ഞാൻ. കഴിഞ്ഞദിവസം രാവിലെ 11 മണിയോടെ പ്രിൻസിപ്പാളിന്റെ വിളി വന്നു; പെട്ടെന്ന് സ്കൂളിലെത്തണമെന്ന്. എന്റെ കുട്ടിക്ക് എന്തെങ്കിലും? ആശങ്കയോടെ സ്കൂളിലേക്ക് വിട്ടു. നേരെ അവളുടെ ക്ലാസ്സിലേക്കാണ് പോയത്. കുഴപ്പമൊന്നും കാണുന്നില്ല, കുട്ടി അവിടെയുണ്ട്. പിന്നെ നേരെ പ്രിൻസിപ്പാളിന്റെ മുറിയിലേക്ക് പോയി. അവിടെ പിടിഎ കമ്മിറ്റിക്കാരെല്ലാവരുമുണ്ട്. കാര്യം അന്വേഷിച്ചു. പ്ലസ് വൺ ക്ലാസ്സിലെ നാലു പെൺകുട്ടികൾ യൂണിഫോമില്ലാതെ വേറെയൊരു റോഡിലൂടെ പോകുന്നത് പ്രിൻസിപ്പാൾ കണ്ടു. അദ്ദേഹം നേരെ സ്കൂളിൽ വന്നു. അവരുടെ ക്ലാസ്സിൽ പോയി അന്വേഷിച്ചു. അവർ എത്തിയിട്ടില്ലെന്ന് ഉറപ്പാക്കി. ഉടനെ അവരുടെ വീടുകളിലേക്ക് വിളിച്ചു. അവർ സ്കൂളിലേക്ക് പോയിട്ടുണ്ട് എന്നാണ് മറുപടി ലഭിച്ചത്. ഇനിയെന്താണ് ചെയ്യേണ്ടത് എന്നറിയാനാണ് ഞങ്ങളെ വിളിപ്പിച്ചിരിക്കുന്നത്. അന്വേഷിച്ചു നോക്കാമെന്ന് അഭിപ്രായം വന്നു. പ്രിൻസിപ്പാളിനെയും രണ്ട് അധ്യാപികമാരെയും കൂട്ടി ഞങ്ങൾ ഇറങ്ങി.

അവർ പോയവഴിയേ അന്വേഷിച്ചുനോക്കാമെന്നുവച്ചു. ആ കുട്ടികൾ പോയതു കണ്ട നാട്ടുകാർ പറഞ്ഞ വഴിയിലൂടെ പോയിനോക്കി. അങ്ങനെ അവർ ആൾപാർപ്പില്ലാത്ത ഒരു വീട്ടിലുണ്ടെന്ന് മനസ്സി ലായി. ആ വീട്ടിൽ ചെന്ന് മുട്ടിവിളിച്ചപ്പോൾ വാതിൽ തുറക്കാൻ കൂട്ടാക്കിയില്ല. അവസാനം പൊലീസിനെ വിളിക്കുമെന്ന് പറഞ്ഞപ്പോൾ വാതിൽ തുറന്നു. നാലു പെൺകുട്ടികളും പുറത്തുവന്നു. രണ്ടു യുവാക്കൾ ശരംകണക്കെ ഓടിമറഞ്ഞു. നല്ല ലഹരിയിലായിരുന്നു എല്ലാവരും. എല്ലാവരുടെയും രക്ഷിതാക്കളെ വിളിച്ചുവരുത്തി കാര്യങ്ങൾ ബോധിപ്പിച്ചു. തീർത്തും പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളാണ്. കൂലിപ്പണിക്കു പോയവർ അതേ വേഷത്തിലാണ് പാഞ്ഞുവന്നിരിക്കുന്നത്. ആ മാതാപിതാക്കളുടെ കരച്ചിൽ മറക്കാൻ കഴിയുന്നില്ല. ഒരു കുട്ടിയൊഴികെയുള്ളവർ മുസ്‌ലിം കുടുബത്തിൽനിന്നുള്ളവരാണ്. ലഹരി വലിയൊരു വിപത്തായി മാറിയിരിക്കുന്നു...” എറണാകുളം ജില്ലയിലെ ഒരു സുഹൃത്ത് വാട്സാപ്പ് വഴി അയച്ചുതന്നതാണ് ഈ കുറിപ്പ്.

ഒരു അധ്യാപകൻ വളരെ വൈകാരികമായി രക്ഷിതാക്കളോട് സംസാരിക്കുന്ന ഒരു വീഡിയോ ഏതാനും ദിവസം മുമ്പ് എഫ്ബിയിൽ കണ്ടിരുന്നു. വിദ്യാർഥി-വിദ്യാർഥിനികളുടെ പരസ്യമായ ലൈംഗിക പേക്കൂത്തിനെക്കുറിച്ചാണ് അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്. അരുത് മക്കളേ എന്നു പറയാനോ ശാസിക്കാനോ ശിക്ഷിക്കാനോ നിയമം അനുവദിക്കുന്നില്ലെന്നും അതിനു മുതിർന്നാൽ തങ്ങൾ കേസിലകപ്പെടുമെന്നും ചിലപ്പോൾ കുട്ടികളുടെ കൈക്കരുത്ത് അറിയേണ്ടിവരുമെന്നും അതിനാൽ എല്ലാം കണ്ടിട്ടും കാണാത്ത മട്ടിൽ കഴിയുകയാണെന്നുമൊക്കെയാണ് ആ അധ്യാപകൻ വിഷമത്തോടെ പറയുന്നത്.

ഇതോടു ചേർത്തു വായിക്കേണ്ട ഒരു സംഭവമാണ് കോട്ടക്കൽ രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന മലപ്പുറം ജില്ലാ സ്കൂൾ കലോത്സവത്തിൽ അവതരിപ്പിക്കപ്പെട്ട ഒരു നാടകവും അതിലെ പ്രമേയവും ചില രംഗങ്ങളും. എട്ടും പൊട്ടും തിരിയാത്ത രണ്ടു പെൺകുട്ടികൾ ആ നാടകത്തിൽ പരസ്പരം ചുംബിക്കുന്നു, തങ്ങൾ ലെസ്ബിയൻ (സ്വവർഗ ലൈംഗികാനുരാഗികൾ) ആണെന്ന് പ്രഖ്യാപിപ്പിക്കുന്നു! എൽജിബിടിക്കാരുടെ മഴവിൽ പതാകയും പശ്ചാത്തലത്തിലുണ്ട്! ചെറിയ കുട്ടികൾക്ക് മുമ്പിൽ, കുട്ടികളെക്കൊണ്ട് ഇത്തരം രംഗങ്ങൾ അഭിനയിപ്പിക്കുന്നതിലൂടെ അത് പഠിപ്പിച്ചുവിട്ട അധ്യാപകർ എന്തായിരിക്കും ഉദ്ദേശിച്ചിട്ടുള്ളത്? ഒരുവശത്ത് കുട്ടികൾ ദുഷിച്ച കൂട്ടുകെട്ടുകളിൽ അകപ്പെട്ട് സ്വയം നശിക്കുന്നു. മറുവശത്ത് അവർക്ക് നന്മയുടെ സന്ദേശം പകർന്നുകൊടുക്കേണ്ട അധ്യാപകർതന്നെ നാശത്തിന്റെ വാതിലുകൾ അവർക്കു മുമ്പിൽ തുറന്നുകൊടുക്കുന്നു!

പ്രിയപ്പെട്ട മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ നിങ്ങൾതന്നെ നിയന്ത്രിക്കുക, നിരീക്ഷിക്കുക, ഉപദേശിക്കുക. ജീവിതത്തിൽ ധാർമിക മൂല്യങ്ങൾ പിൻപറ്റേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊടുക്കുക.



# സമയത്തിനെന്തൊരു വേഗം!

ഷഹബാസ് വള്ളുവമ്പ്രം

'ഒന്നിനും സമയമില്ല്'-നമ്മുടെ ദൈനംദിന ജീവിതത്തിൽ, സാമൂഹിക വ്യവഹാരങ്ങളിൽ നിരന്തരമായി കേൾക്കാറുള്ള; അല്ലെങ്കിൽ നമ്മൾതന്നെ പറയാറുള്ള ഒരു പരാതിയാണിത്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിൽ അമൂല്യവും സർവ പ്രധാനവുമായ 'സമയം' കൊണ്ട് അവൻ ബന്ധിതനാണ്.

ഹസനുൽ ബസ്‌രി(റഹി) പറയുന്നതായി കാണാം: "അല്ലയോ മനുഷ്യാ, നീ എതാനും ചില ദിനങ്ങൾ മാത്രമാകുന്നു. ഓരോ ദിനവും കടന്നുപോകുമ്പോൾ നിന്നിലെ ചില കാര്യങ്ങൾ തീരുകയാണ്.'

ഓരോരുത്തർക്കും നിശ്ചയിക്കപ്പെട്ട സമയം കഴിഞ്ഞാൽ ഐഹിക ജീവിതത്തോട് വിടപറയുകയെന്നതല്ലാതെ മറ്റൊരു പോംവഴിയുമില്ല. കടന്നുപോകുന്ന ഒരു നിമിഷംപോലും തിരികെ ലഭ്യമല്ല എന്നത് തികഞ്ഞ യാഥാർഥ്യമാണ്. താൻ നഷ്ടപ്പെടുത്തിയ അവസരങ്ങളെക്കുറിച്ചോർത്ത് മനുഷ്യൻ വിലപിക്കുന്ന രണ്ട് സന്ദർഭങ്ങൾ ക്വുർആൻ എടുത്തുപറയുന്നത് കാണാം. അതിലൊന്ന് മരണം ആസന്നമാകുമ്പോഴുള്ള ഖേദപ്രകടനമാണ്. അല്ലാഹു പറയുന്നു: "നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്ക് നാം നൽകിയതിൽനിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: 'എന്റെ രക്ഷിതാവേ, അടുത്ത ഒരു അവധിവരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്"(ക്വുർആൻ 63:10).

രണ്ടാമത്തേത് നരകത്തിനർഹരായവരുടെ വിലാപമാണ്. അല്ലാഹു പറയുന്നു: "അവർ അവിടെ വെച്ച് മുറവിളികൂട്ടും: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ പുറത്തയക്കണമേ. (മുമ്പ്) ചെയ്തിരുന്നതിൽനിന്ന് വ്യത്യസ്തമായി ഞങ്ങൾ സൽകർമം ചെയ്തുകൊള്ളാം.' (അപ്പോൾ നാം പറയും:) ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രം നിങ്ങൾക്ക് നാം ആയുസ്സ് തന്നില്ലേ? താക്കീതുകാരൻ നിങ്ങളുടെ അടുത്ത് വരികയും ചെയ്തു. അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. അക്രമികൾക്ക് യാതൊരു സഹായിയുമില്ല" (ക്വുർആൻ 35:37).

**ഓരോരുത്തർക്കും നിശ്ചയിക്കപ്പെട്ട സമയം കഴിഞ്ഞാൽ ഐഹിക ജീവിതത്തോട് വിടപറയുകയെന്നതല്ലാതെ മറ്റൊരു പോംവഴിയുമില്ല. കടന്നുപോകുന്ന ഒരു നിമിഷംപോലും തിരികെ ലഭ്യമല്ല എന്നത് തികഞ്ഞ യാഥാർഥ്യമാണ്. താൻ നഷ്ടപ്പെടുത്തിയ അവസരങ്ങളെക്കുറിച്ചോർത്ത് മനുഷ്യൻ വിലപിക്കുന്ന രണ്ട് സന്ദർഭങ്ങൾ ക്വുർആൻ എടുത്തു പറയുന്നത് കാണാം.**

അല്ലാഹു അനുഗ്രഹമായി നൽകിയ സമയത്തിന് നല്ല വിലയുണ്ടായിരുവെന്ന് ചിന്തിക്കുന്ന ഭയാനകമായ നിമിഷങ്ങളെപ്പറ്റിയാണ് ഈ സൂക്തങ്ങളിൽ പരാമർശിക്കുന്നത്. 'താക്കീതുകാരൻ' എന്ന പ്രയോഗം നരബാധിക്കുന്നതിനെപ്പറ്റിയാണെന്ന് ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി തഫ്സീറുകളിൽ കാണാം. അഥവാ ഈ ലോകത്ത് ഒരാൾ ജീവിച്ചുതീർത്ത കാലത്തെ അടയാളപ്പെടുത്തുന്ന, മരണത്തെപ്പറ്റി ഓർമപ്പെടുത്താനുതകുന്ന ഒരു മുന്നറിയിപ്പുക്കാരൻ സ്വശരീരത്തിൽ നിന്നുതന്നെ പ്രകടമായിട്ടും കാര്യം ഗ്രഹിക്കാതിരുന്നതിനെപ്പറ്റി അവൻ ചോദിക്കപ്പെടുമെന്നർഥം.

പ്രവാചകൻ(സ്വ) പറയുകയുണ്ടായി: "അറുപത് വയസ്സുവരെ ആയുസ്സ് ലഭിച്ച ഒരാൾക്ക് അല്ലാഹുവിങ്കൽ യാതൊരു ന്യായവുമുണ്ടാവുകയില്ല" (ബുഖാരി).

പുതിയകാലത്ത് സമയലാഭത്തിനായി സർവവിധ സാങ്കേതിക വിദ്യകളെയും ഉപയോഗപ്പെടുത്തിയിട്ടും സമയമില്ല എന്ന വേവലാതി തീരുകയല്ല; മറിച്ച് സമയമില്ല എന്ന പരാതി കൂടുകയാണ് ചെയ്യുന്നത്. അന്ത്യനാളിന്റെ അടയാളങ്ങൾ വിശദീകരിക്കവെ പ്രവാചകൻ(സ്വ) പറഞ്ഞു:

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ (സ്വ) പറയുകയുണ്ടായി: "സമയത്തിന്റെ ദൈർഘ്യം ചുരുങ്ങിയിട്ടല്ലാതെ അന്ത്യനാൾ സംഭവിക്കുകയില്ല. അങ്ങനെ ഒരു വർഷം ഒരു മാസമായും ഒരു മാസം ഒരു ആഴ്ചയായും ഒരു ആഴ്ച ഒരു ദിവസമായും ഒരു ദിവസം ഒരു മണിക്കൂറായും ഒരു മണിക്കൂർ ഒരു ഈന്തപ്പനയുടെ പട്ട കത്തിയമരുന്നത്ര നൈമിഷകമായും തീരും" (അഹ്മദ്).

പ്രസ്തുത ഹദീസ് വിശദീകരിക്കവെ ഇമാം നവവി(റഹി) പറയുന്നു: "സമയം ചുരുങ്ങുന്നു എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് സമയത്തിലെ ബറകത്ത് (പുണ്യം) നഷ്ടപ്പെടുക എന്നതാണ്."

ഒരുപറ്റം ആളുകൾ ചേർന്ന് ഇന്നു ചെയ്താൽ കിട്ടാത്ത ഗുണം ഒറ്റ നിമിഷത്തിൽ പൂർവികർക്ക് ലഭിച്ചിരുന്നു. ഇമാം ശാഫിഈ (റഹി) യുടെ കവിതയിൽ കാണാം: "മുൻഗാമികൾ മരണം വരിച്ചുവെങ്കിലും അവരുടെ ശ്രേഷ്ഠതകൾ മൺ മറഞ്ഞുപോയിട്ടില്ല. അതേസമയം മറ്റൊരുകൂട്ടർ, അവർ ജീവിച്ചിരിക്കുമ്പോൾ തന്നെ നിർജീവികളാണ്."

ഒരു മുസ്‌ലിം തന്റെ സമയത്തെ സക്രിയമായി ഉപയോഗിക്കുന്നവനായിരിക്കും. മരണത്തെക്കുറിച്ചുള്ള ചിന്തയും പരലോകബോധവും അവനെ കർമനിരതനാക്കിക്കൊണ്ടേയിരിക്കും.

നബി(സ്വ)യോടായി അല്ലാഹു കൽപിക്കുന്നു: "അതിനാൽ ഒന്നിൽ നിന്നൊഴിവായാൽ മറ്റൊന്നിൽ മുഴുകുക. നിന്റെ നാഥനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക" (94:7,8).

> **പുതിയകാലത്ത് സമയലാഭത്തിനായി സർവവിധ സാങ്കേതികവിദ്യകളെയും ഉപയോഗപ്പെടുത്തിയിട്ടും സമയമില്ല എന്ന വേവലാതി തീരുകയല്ല; മറിച്ച് സമയമില്ല എന്ന പരാതി കൂടുകയാണ് ചെയ്യുന്നത്. അന്ത്യനാളിന്റെ അടയാളങ്ങൾ വിശദീകരിക്കവെ പ്രവാചകൻ(സ്വ) പറഞ്ഞു: അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ (സ്വ) പറയുകയുണ്ടായി: "സമയത്തിന്റെ ദൈർഘ്യം ചുരുങ്ങിയിട്ടല്ലാതെ അന്ത്യനാൾ സംഭവിക്കുകയില്ല. അങ്ങനെ ഒരു വർഷം ഒരു മാസമായും ഒരു മാസം ഒരു ആഴ്ചയായും ഒരു ആഴ്ച ഒരു ദിവസമായും ഒരു ദിവസം ഒരു മണിക്കൂറായും ഒരു മണിക്കൂർ ഒരു ഈന്തപ്പനയുടെ പട്ട കത്തിയമരുന്നത്ര നൈമിഷകമായും തീരും'' (അഹ്മദ്).**

സ്വന്തം ഗുണത്തിനായി സമയത്തെ വിനിയോഗിക്കാൻ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും സഹായവും കൂടിയേ തീരൂ. തിൻമകളിൽനിന്ന് അകന്നുനിൽക്കുക, സൂക്ഷ്മത കൈക്കൊള്ളുക, വിവേകമതികളാവുക എന്നിവ സമയത്തിൽ അനുഗ്രഹം ലഭിക്കാനുതകുന്ന കാര്യങ്ങളിൽ പ്രധാനമാണ്. സിനിമ, മ്യൂസിക്, അശ്ലീല വീഡിയോകൾ, മനസ്സിനെ മരവിപ്പിക്കുന്ന തമാശകൾ തുടങ്ങിയ തിന്മകളുടെ സ്ഥാനത്ത് സൽകർമങ്ങൾ ഇടം പിടിക്കണം. വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹ കവാടങ്ങൾ തുറക്കപ്പെടും.

അല്ലാഹു പറയുന്നു: "അന്നാട്ടുകാർ വിശ്വസിക്കുകയും ഭക്തരാവുകയും ചെയ്തിരുന്നെങ്കിൽ നാമവർക്ക് വിണ്ണിൽനിന്നും മണ്ണിൽനിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നു കൊടുക്കുമായിരുന്നു. എന്നാൽ അവർ നിഷേധിച്ചുതള്ളുകയാണുണ്ടായത്. അതിനാൽ അവർ സമ്പാദിച്ചുവെച്ചതിന്റെ ഫലമായി നാം അവരെ പിടികൂടി" (ക്വുർആൻ 7:96).

നമസ്കാരം യഥാവിധി നിർവഹിക്കുക; അതുവഴി സമയം ക്രമീകരിക്കാനും നന്മകളിൽ മുൻകടക്കാനും സാധിക്കും. അല്ലാഹു പറയുന്നു: "...തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു"(4:103).

ക്വുർആനുമായുള്ള അടുപ്പം സമയത്തെ ഫലപ്രദമായി ക്രമപ്പെടുത്താനുതകുന്നതാണ്. സലഫുകളുടെ ജീവിതം അനുഗ്രഹപൂരിതവും കർമങ്ങൾ കാലാതീതവുമായിത്തീരാൻ നിമിത്തമായത് ക്വുർആനുമായുള്ള അവരുടെ അഭേദ്യബന്ധമായിരുന്നുവെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

പ്രഭാതസമയത്തെ ഉപയോഗപ്പെടുത്തുക; എന്തെന്നാൽ പ്രവാചകൻ(സ്വ) ബറകത്തിനായി

പ്രത്യേകം എടുത്തുപറഞ്ഞ് പ്രാർഥിച്ച സമയമാണത്. ഇമാം അബൂദാവൂദ്(റഹി) ഉദ്ധരിച്ച ഹദീസിൽ കാണാം: "നബി(സ്വ) യുദ്ധസൈന്യത്തിന് പുറപ്പെടാനായി പ്രഭാതസമയത്തെ തെരഞ്ഞെടുക്കാറുണ്ടായിരുന്നു."

കുടുംബബന്ധം കാത്തുസൂക്ഷിക്കുക; നബി(സ്വ)പറഞ്ഞു: "ആയുർദൈർഘ്യവും വിഭവസമൃദ്ധിയും ആഗ്രഹിക്കുന്നവൻ മാതാപിതാക്കളോട് നന്മയിൽ വർത്തിക്കുകയും കുടുംബബന്ധം പുലർത്തുകയും ചെയ്തുകൊള്ളട്ടെ."

രാത്രി നമസ്കാരം നിലനിർത്തുക; നബി(സ്വ)യോട് രാത്രി നമസ്കാരം കൽപിക്കപ്പെട്ടതിന്റെ യുക്തിയെന്നോണം ക്വുർആൻ പറയുന്നു: "തീർച്ചയായും രാത്രിയിൽ എഴുന്നേറ്റുനമസ്കരിക്കൽ കൂടുതൽ ശക്തമായ ഹൃദയസാന്നിധ്യം നൽകുന്നതും വാക്കിനെ കൂടുതൽ നേരെ നിർത്തുന്നതുമാകുന്നു. തീർച്ചയായും നിനക്ക് പകൽ സമയത്ത് ദീർഘമായ ജോലിത്തിരക്കുണ്ട്"(73:6,7).

അലസതയും നൈരാശ്യവും ഒഴിവാക്കുക; പ്രവാചകൻ(സ്വ) ഇപ്രകാരം ഉപദേശിക്കാറുണ്ടായിരുന്നു: "ഉപകാരപ്രദമായ കാര്യങ്ങളിൽ ഔൽത്സുക്യം കാണിക്കുക. അല്ലാഹുവിനോട് സഹായം ചോദിക്കുക. അശക്തനാവാതിരിക്കുക. വല്ല വിപത്തും വന്നുഭവിച്ചാൽ 'ഞാൻ അങ്ങനെ ചെയ്തിരിന്നെങ്കിൽ' എന്ന് ഖേദിക്കുന്നതിനു പകരം അല്ലാഹുവിന്റെ വിധിപ്രകാരം അവനുദ്ദേശിച്ചത് നടന്നു എന്ന് പറയുക. തീർച്ചയായും 'അങ്ങനെയായിരുന്നെങ്കിൽ' എന്നത് പിശാചിന് കവാടങ്ങൾ തുറന്ന് കൊടുക്കും."

പ്രത്യാശയായിരിക്കണം നമ്മെ നയിക്കേണ്ടത്; നിരാശ പാടില്ല. സൽകർമങ്ങളോടൊപ്പം റബ്ബിലേക്ക് ഉയരുന്ന ആത്മാർഥമായ പ്രാർഥനകൾ കൂടിയുണ്ടാകുമ്പോൾ അവനിൽനിന്നുള്ള സഹായവും നന്മകളിലേക്കുള്ള തുറവിയും നേടാനാകുമെന്നതിൽ സംശയമില്ല. ■

ലേഖനം



# മതവും മനുഷ്യനും

**അബ്ദുറഊഫ്അൽഹികമി**

ലോകത്ത് വിവിധ മതങ്ങളും ദർശനങ്ങളും പ്രസ്ഥാനങ്ങളുമുണ്ട്. ചിലത് കാലക്രമേണ നശിക്കുകയും മറ്റുചിലത് പുതുതായി രൂപംകൊള്ളുകയും ചെയ്യുന്നു. ലോകത്തിലെ പ്രധാന മതങ്ങൾ വളരുമ്പോൾ തന്നെ, മറുവശത്ത് മതമാണ് മനുഷ്യനെ വർഗീയവാദിയും തീവ്രവാദിയുമാക്കുന്നതെന്ന പ്രചാരണത്തിലൂടെ നിരീശ്വരവാദവും വളരാൻ ശ്രമിക്കുന്നുണ്ട്. വാസ്തവത്തിൽ മതമാണോ നിരീശ്വരവാദമാണോ മനുഷ്യനെ മനുഷ്യനായി നിലനിർത്താൻ സഹായിക്കുന്നത്?

ഇസ്‌ലാമിന്റെ കാര്യമെടുത്താൽ, അതിന്റെ നിയമങ്ങളും നിർദേശങ്ങളും വിധികളും വിലക്കുകളുമെല്ലാം മനുഷ്യനെ യഥാർഥ മനുഷ്യനായി നിലനിർത്തുന്നു എന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും.

'ദീൻ' എന്ന അറബി പദത്തെയാണ് 'മതം' എന്ന അർഥത്തിൽ നാം ഉപയോഗിക്കുന്നത്. 'ദീൻ' എന്ന പദത്തിന്റെ ഭാഷാർഥം 'നിയമം,' 'പ്രതിഫലം' എന്നൊക്കെയാണ്. ഒരു മനുഷ്യൻ എന്തെല്ലാം കാര്യങ്ങളിൽ വിശ്വസിക്കണം, എങ്ങനെ ജീവിക്കണം, സ്വന്തത്തോടും കുടുംബത്തോടും സമൂഹത്തോടും രാജ്യത്തോടുമൊക്കെ അവനുള്ള ബാധ്യതകൾ എന്തൊക്കെയാണ് എന്നിങ്ങനെ തുടങ്ങി രഹസ്യ-പരസ്യ ജീവിതത്തിൽ വിശുദ്ധി പാലിക്കാനുതകുന്നതും, ഒരു മനുഷ്യനെ യഥാർഥ മനുഷ്യനായി പരിവർത്തിപ്പിക്കാൻ സഹായിക്കുന്നതും, മരണശേഷം മനുഷ്യന് അത്യന്തിക രക്ഷ നേടിക്കൊടുക്കുന്നതുമായ മാർഗനിർദേശങ്ങളുടെ ആകെത്തുകയാണ് ഇസ്‌ലാം.

'ഇസ്‌ലാം' എന്ന പദത്തിന്റെ 'അർഥം,' 'സമാധാനം,' 'അനുസരണം,' 'സമർപ്പണം' എന്നൊക്കെയാണ്. മറ്റേതൊരു മതവും അത് ഉത്ഭവിച്ച സമുദായത്തിന്റെയോ ഗോത്രത്തിന്റെയോ അതിന്റെ സ്ഥാപകന്റെയോ പ്രബോധകന്റെയോ നാമത്തിലാണ് അറിയപ്പെടുന്നത്. എന്നാൽ ഇസ്‌ലാം അങ്ങനെയല്ല. അത് മുന്നോട്ടു വെക്കുന്ന ആദർശം ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവിന് സർവതും സമർപ്പിക്കുകയെന്നതാണ്. ഏതെങ്കിലും സൃഷ്ടിയോടുള്ള ആരാധനയിലേക്കും അടിമത്തത്തിലേക്കുമല്ല ഇസ്‌ലാം മാനവരാശിയെ ക്ഷണിക്കുന്നത്. അതുകൊണ്ടുതന്നെ ലോകത്തുള്ള സർവ മനുഷ്യർക്കും സങ്കുചിത ചിന്തകളില്ലാതെ ഉൾക്കൊള്ളാൻ കഴിയുന്ന മതമാണ് ഇസ്‌ലാം.

"...ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്" (ക്വുർആൻ 20:50).

ഭൗതികമായ ഏതൊരു സംവിധാനത്തിനും അതിന്റേതായ നിയമവ്യവസ്ഥകളുണ്ട്. അപ്രകാരം ഇസ്‌ലാം എന്ന ആദർശത്തിന് അതിന്റെ

തായ നിയമവ്യവസ്ഥകൾ ലോക സ്രഷ്ടാവ് നിശ്ചയിച്ചിട്ടുണ്ട്.

സ്മാർട്ട് ഫോൺ, ടിവി, ക്യാമറ പോലുള്ള ഉത്പന്നങ്ങൾ വാങ്ങുമ്പോൾ അതിന്റെ ഉപയോഗ രീതികൾ പഠിപ്പിക്കുന്ന ഒരു 'യൂസർ മാന്വൽ' എന്ന ചെറുപുസ്തകം അത് നിർമിച്ച കമ്പനി നൽകാറുണ്ട്. കാരണം ആ ഉൽപന്നത്തിന്റെ ശരിയായ പ്രവർത്തനരീതി അറിയുക അത് ഉണ്ടാക്കിയ കമ്പനിക്കാണ്. അതിലെ നിർദേശങ്ങൾ മനസ്സിലാക്കാതെയാണ് ഒരു ഉപഭോക്താവ് അത് ഉപയോഗിക്കുന്നതെങ്കിൽ തകരാറുകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ അതനുസരിച്ച് പ്രവർത്തിച്ചാൽ ശരിയായ രൂപത്തിൽ ഉപയോഗിക്കാൻ കഴിയും.

ഇതുപോലെ, സർവ ചരാചരങ്ങളെയും സൃഷ്ടിച്ച സ്രഷ്ടാവിന് മാത്രമാണ് ഓരോ സൃഷ്ടിയെയും കുറിച്ച് സൂക്ഷ്മമായി അറിയുക. മനുഷ്യർക്ക് ഇഹപര വിജയം ലഭിക്കുവാനാവശ്യമായ കാര്യങ്ങൾ എന്തൊക്കെയെന്ന് അവനാണ് നിശ്ചയിച്ചിട്ടുള്ളത്. അവ എന്തൊക്കെയെന്ന് പറഞ്ഞു തരേണ്ടത് ആ സ്രഷ്ടാവു തന്നെയാണ്. ആ കാര്യങ്ങളുടെ സംഹിതയാണ് ഇസ്‌ലാം. ഇസ്‌ലാമാകുന്ന പ്രകൃതി മതത്തെ അവൻ വേദഗ്രന്ഥങ്ങളിലൂടെയും പ്രവാചകന്മാരിലൂടെയും നൽകിപ്പോന്നു. മാനവരാശിക്കാകമാനമായി നിയോഗിച്ച അന്തിമ ദൂതനായ മുഹമ്മദ് നബി(സ്വ)യിലൂടെ അല്ലാഹു ഇസ്‌ലാം മതത്തെ പൂർത്തിയാക്കി നൽകി.

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ടുതന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (34:28).

ആ പ്രവാചകനെ പിൻപറ്റുക എന്നതാണ് നന്മയും നേർമാർഗവുമായി ക്വുർആൻ പരിചയപ്പെടു ത്തിയത്: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ. നിങ്ങൾ നേർമാർഗം പ്രാപിക്കാം" (7:158).

ആ പ്രവാചകനിലൂടെ സമാനതകളില്ലാത്ത നിയമസംഹിതകൾ ലോകർക്ക് പകർന്നു നൽകിയത് ദൈവിക വചനങ്ങൾ തന്നെയാണ്.

"ഓരോ സമുദായത്തിലും അവരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് അവരിൽനിന്നു തന്നെയുള്ള ഒരാളെ നാം നിയോഗിക്കുകയും, ഇക്കൂട്ടരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് നിന്നെ നാം കൊണ്ടുവരികയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ). എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്"" (16:89).

"മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു" (4:174).

1400 വർഷങ്ങൾക്കിപ്പുറവും ക്വുർആനിന്റെ ഒരു അധ്യായത്തിനോ ഒരു ആയത്തിനോ വാചകഘടനയ്ക്കുപോലുമോ മാറ്റം വരുത്തേണ്ടതില്ലാത്ത രൂപത്തിൽ സുരക്ഷിതമായി നിലനിൽക്കുന്നുവെന്നത് തന്നെ ക്വുർആനിന്റെ ദൈവികതയ്ക്ക് തെളിവാണ്.

ലോകാവസാനംവരെ ഈ വിശുദ്ധ ഗ്രന്ഥത്തെ അല്ലാഹുതന്നെ സംരക്ഷിക്കുമെന്നും ക്വുർആൻ നമ്മെ ഉണർത്തുന്നുണ്ട്: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്"(15:9).

സകല പ്രവാചകന്മാരും പ്രബോധനം ചെയ്ത ഇസ്‌ലാം (സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണം) മനുഷ്യന്റെ ഇഹപര നന്മയ്ക്കുള്ളതാണ്. അതിനാൽ അവ മാറ്റത്തിരുത്തലുകൾക്കോ കൂട്ടിച്ചേർക്കലുകൾക്കോ വിധേയമാകാത്ത രൂപത്തിൽ സുരക്ഷിതമായി നിലകൊള്ളുകയും ജനങ്ങൾ അത് പ്രയോഗവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (30:30).

ക്വുർആൻ എന്ന മാർഗദർശനം അനുസരിച്ച് ആ പ്രവാചകനെ പിൻപറ്റി ജീവിതത്തെ ക്രമപ്പെടുത്തിയാൽ ഏതു കാലഘട്ടത്തിലും ഏതു സാഹചര്യത്തിലും സമാധാനചിത്തനായും അഭിമാനത്തോടെയും ജീവിച്ചു മുന്നേറാൻ സാധ്യമാണ്, അവൻ ബലവത്തായ കയറിലാണ് പിടിച്ചിരിക്കുന്നത്.

"വല്ലവനും സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാകുന്നു കാര്യങ്ങളുടെ പരിണതി"(31:22).

മനുഷ്യനെ ധാർമികതയിൽ നിലനിർത്തുന്നതും മൂല്യമുള്ള മനുഷ്യരായി പരിവർത്തിപ്പിക്കുന്നതും മതത്തിന്റെ അതിർവരമ്പുകൾ മാത്രമാണെന്ന തിരിച്ചറിവും അതിനനുസൃതമായ കർമവുമാണ് ജീവിത വിജയത്തിന് നിദാനം. ■

# ശരീഅത്തിന്റെ സവിശേഷതകൾ

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ. ശമീർ മദീനി
:9048 221 212

**സാർവകാലികവും സാർവജനീനവും സാരസമ്പൂർണവുമാണ് ഇസ്‌ലാമിക ശരീഅത്ത്. പ്രശ്ന സങ്കീർണമായ സമകാലിക ലോകത്ത് വിശ്വാസിയെ മുന്നോട്ടുനയിക്കാൻ ശരീഅത്തിനോളം നല്ലൊരു വഴികാട്ടിയില്ല. വിമർശനങ്ങളെ നിർമാണാത്മകമായി സമീപിച്ച് പഠനത്തിനവസരം നൽകിയ വേളയിൽ ശത്രുക്കളെ പോലും ഗുണഭോക്താക്കളാക്കിയ ചരിത്രമാണ് അതിന് പറയാനുള്ളത്.**

അല്ലാഹു അവന്റെ ദാസന്മാർക്കു ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തത്ര വിശാലമാണ്. അവസാനകാലത്ത് മനുഷ്യർക്കും ജിന്ന് വർഗത്തിനുമായി അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തായത് അവരിലേക്ക് തന്റെ ദൂതനായി മുഹമ്മദ് നബി(സ്വ)യെ നിയോഗിച്ചയച്ചു എന്നതാണ്. ആ പ്രവാചകൻ തന്നിലേൽപിക്കപ്പെട്ട ഉത്തരവാദിത്തം ഏറ്റവും പരിപൂർണമായ നിലയിൽ നിർവഹിക്കുകയും ചെയ്തു.

ഇമാം മുഹമ്മദിബ്നു ശിഹാബുസ്സുഹ്‌രി(റഹി) പറഞ്ഞു: "അല്ലാഹുവിന്റെ പക്കൽനിന്നാണ് (ഇസ്‌ലാമാകുന്ന) ഈ മഹിതമായ സന്ദേശം. നബി(സ്വ)യുടെ മേലാണ് അത് (മനുഷ്യർക്ക്) എത്തിച്ചു കൊടുക്കേണ്ട ബാധ്യത. അതിന് കീഴ്പ്പെട്ടു ജീവിക്കുക എന്നതാണ് നമ്മുടെ മേൽ ബാധ്യതയായിട്ടുള്ളത്" (ഇമാം ബുഖാരി തന്റെ സ്വഹീഹിലെ കിതാബുത്തൗഹീദിൽ ക്വുർആൻ 5:67 വചനത്തിന്റെ അധ്യായത്തിൽ ഉദ്ധരിച്ചത്).

അല്ലാഹുവിന്റെ പക്കൽനിന്നുള്ള ഈ സന്ദേശം പൂർത്തീകരിക്കപ്പെട്ട സംഗതിയാണ്. അഥവാ അല്ലാഹുവിന്റെ ബാധ്യത അവൻ നിർവഹിച്ചുകഴിഞ്ഞിട്ടുണ്ട്. അല്ലാഹു പറഞ്ഞു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്; നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചുത



ള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക'' (16:36).

“തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽതന്നെയായിരുന്നു'' (3:164).

നബി(സ്വ)യുടെ മേലുള്ള ബാധ്യത എന്നത് അല്ലാഹുവിങ്കൽനിന്നുള്ള സന്ദേശം മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കലാണ്. അതും ഏറ്റവും പരിപൂർണമായ നിലയിൽ നിർവഹിക്കപ്പെട്ടുകഴിഞ്ഞു. അല്ലാഹു പറയുന്നു: “എന്നാൽ ദൈവദൂതൻമാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ?'' (16:35).

“നീ പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ പിന്തിരിയുന്ന പക്ഷം അദ്ദേഹം (റസൂൽ) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തിൽ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്. നിങ്ങൾക്ക് ബാധ്യതയുള്ളത് നിങ്ങൾ ചുമതലയേൽപിക്കപ്പെട്ട കാര്യത്തിലാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൻമാർഗം പ്രാപിക്കാം. റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു'' (24:54).

**നബി(സ്വ)യുടെ മേലുള്ള ബാധ്യത എന്നത് അല്ലാഹുവിങ്കൽനിന്നുള്ള സന്ദേശം മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കലാണ്. അതും ഏറ്റവും പരിപൂർണമായ നിലയിൽ നിർവഹിക്കപ്പെട്ടുകഴിഞ്ഞു. അല്ലാഹു പറയുന്നു: “എന്നാൽ ദൈവദൂതൻമാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ?'' (16:35).**

അല്ലാഹുവിന്റെ അടിയാറുകളുടെമേൽ ബാധ്യതയായിട്ടുള്ളത് അല്ലാഹു അവതരിപ്പിച്ചതും നബി(സ്വ) എത്തിച്ചുതന്നതുമായ മതനിയമങ്ങൾക്ക് കീഴൊതുങ്ങി, അനുസരണയോടെ ജീവിക്കുക എന്നതാണ്. ഈ വിഷയത്തിൽ മനുഷ്യർ പൊതുവെ രണ്ടുവിഭാഗമാണ്

1) അല്ലാഹുവിന്റെ സഹായം (തൗഫീക്) ലഭിക്കുകയും സത്യത്തിന്റെ പാത പിൻപറ്റുകയും ചെയ്തവർ.

2) അല്ലാഹുവിന്റെ സഹായം (തൗഫീക്) ലഭിക്കാതിരിക്കുകയും മറ്റു മാർഗങ്ങൾ പിൻപറ്റുകയും ചെയ്യുന്നവർ. അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (6:153).

### ഇസ്‌ലാമിക ശരീഅത്തിന്റെ സവിശേഷതകൾ

അല്ലാഹു തന്റെ തിരുദൂതർ മുഹമ്മദ് നബി(സ്വ)യിലൂടെ അവതരിപ്പിച്ച ഇസ്‌ലാമിക നിയമങ്ങൾക്ക് (ശരീഅത്തിന്) സുപ്രധാനമായ മൂന്ന് സവിശേഷതകളുണ്ട്.

1) സാർവകാലികം.

2) സാർവ ജനീനം.

3) സമ്പൂർണം.

അത് ലോകാവസാനംവരെ നിലനിൽക്കുന്നതാണ്. അല്ലാഹു പറയുന്നു: "മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (33:40).

ഇമാം ബുഖാരി(റഹി)യും ഇമാം മുസ്‌ലിമും(റഹി) ഉദ്ധരിക്കുന്നു: "മുആവിയ(റ) പറഞ്ഞു: നബി(സ്വ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'ആർക്കെങ്കിലും അല്ലാഹു നന്മയുദ്ദേശിച്ചാൽ അയാളെ അല്ലാഹു മതത്തിൽ ജ്ഞാനമുള്ളവനാക്കും. നിശ്ചയമായും ഞാൻ വീതം വെക്കുന്നവൻ മാത്രമാണ്. അല്ലാഹുവാണ് നൽകുന്നത്. ഈ സമുദായം(ഉമ്മത്ത്) ലോകാവസാനംവരെ അല്ലാഹുവിന്റെ നിയമനിർദേശങ്ങളനുസരിച്ച് നേരിന്റെ പാതയിൽ ചലിച്ചുകൊണ്ടേയിരിക്കും. അവരോട് ആരെല്ലാം എതിരായി എന്നത് അവർക്ക് യാതൊരു ദോഷവും വരുത്തുകയില്ല" (ബുഖാരി, മുസ്‌ലിം).




**ഇസ്‌ലാമിക ശരീഅത്ത് മനുഷ്യ-ജിന്ന് വർഗങ്ങൾക്കെല്ലാം കൂടിയുള്ളതാണ്. അവരെല്ലാവരും നബി(സ്വ)യുടെ സമുദായമാണ്. അഥവാ പ്രബോധിത സമുദായം (ഉമ്മത്തുദ്ദഅ്‌വ) ആണ്. അതിനാൽ അല്ലാഹു മുഹമ്മദ്നബി(സ്വ)യെ നിയോഗിച്ചയച്ചത് മുതലുള്ള മനുഷ്യവർഗത്തിലും ജിന്നുവർഗത്തിലും പെട്ട ഓരോരുത്തരെയും ഈ നേരായ ദൈവിക മതത്തിലേക്ക് ക്ഷണിക്കേണ്ടതുണ്ട്.**

ഇത് മനുഷ്യ-ജിന്ന് വർഗങ്ങൾക്കെല്ലാം കൂടിയുള്ളതാണ്. അവരെല്ലാവരും നബി(സ്വ)യുടെ സമുദായമാണ്. അഥവാ പ്രബോധിത സമുദായം (ഉമ്മത്തുദ്ദഅ്‌വ) ആണ്. അതിനാൽ അല്ലാഹു മുഹമ്മദ്നബി(സ്വ)യെ നിയോഗിച്ചയച്ചത് മുതലുള്ള മനുഷ്യവർഗത്തിലും ജിന്നുവർഗത്തിലും പെട്ട ഓരോരു ത്തരെയും ഈ നേരായ ദൈവിക മതത്തിലേക്ക് ക്ഷണിക്കേണ്ടതുണ്ട്.

"അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു"(10:25).

ഈ വചനത്തിൽ രണ്ടുതരം ഉമ്മത്തുദ്ദഅ്‌വ(പ്രബോധിത സമൂഹം)യെക്കുറിച്ച് വ്യക്തമായ സൂചനയു ണ്ട്. 'അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു' എന്നു പറഞ്ഞത് ഉമ്മത്തുദ്ദഅ്‌വയെ സൂചിപ്പിക്കുന്നു. അതായത് ഓരോരുത്തരെയും ക്ഷണിക്കുന്നു. 'അവനുദ്ദേശിക്കുന്നവരെ നേരായ മാർഗത്തിലേക്ക് നയിക്കുന്നു' എന്നു പറഞ്ഞത് 'ഉമ്മത്തുൽ ഇജാബയെ'ക്കുറിച്ചാണ്. അതായത് അല്ലാഹു സന്മാർഗത്തിലെക്ക് വഴിനടത്തിയവരെക്കുറിച്ചാണ്. നബി(സ്വ)യുടെ പ്രബോധനത്തിന് ഉത്തരം ചെയ്യുകയും ഋജുവായ മതത്തിൽ പ്രവേശിക്കുകയും അങ്ങനെ മുസ്‌ലിംകളിൽ ഉൾപ്പെടുകയും ചെയ്തവർ. സത്യപ്രബോധനത്തിന് ഉത്തരം ചെയ്ത് അല്ലാഹുവിന്റെ മതത്തിൽ പ്രവേശിക്കാനുള്ള തൗഫീക് ലഭിക്കുന്നത് അവന്റെ വലിയ അനുഗ്രഹവും ഔദാര്യവുമാണ്. സന്മാർഗത്തിൽ ചേർക്കാനുള്ള അധികാരം അഥവാ 'ഹിദായത്ത്' നൽകൽ അല്ലാഹുവല്ലാത്ത ഒരാളുടെയും

അധീനതയിലല്ല.

അല്ലാഹു പറയുന്നു: “തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു” (28:56).

എന്നാൽ സന്മാർഗത്തിന്റെ ‘വഴികാണിക്കൽ’ അഥവാ കാര്യങ്ങൾ ‘വിശദീകരിച്ചുകൊടുക്കൽ’ പ്രവാചകൻ(സ്വ) നിർവഹിക്കുന്നതാണ്. അല്ലാഹു പറയുന്നു: “അപ്രകാരംതന്നെ നിനക്കു നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴികാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്” (42:52).

സർവരിലേക്കുമായി നിയോഗിക്കപ്പെട്ട, അല്ലാഹുവിന്റെ ദൂതനാണ് മുഹമ്മദ്(സ്വ). അല്ലാഹു അക്കാര്യം വ്യക്തമാക്കുന്നത് കാണുക: “പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹു വിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവനന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ, നിങ്ങൾ നേർമാർഗം പ്രാപിച്ചേക്കാം”(7:158).

നബി(സ്വ) പറഞ്ഞു: “എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ (അല്ലാഹു) തന്നെയാണേ സത്യം, ഈ സമൂഹത്തിൽ പെട്ട ജൂതനോ ക്രിസ്ത്യാനിയോ ആരുമാകട്ടെ, എന്നെക്കുറിച്ച് കേൾക്കുകയും എന്നിട്ട് എന്നെ നിയോഗിച്ചയച്ചവന്റെ സന്ദേശങ്ങളിൽ വിശ്വസിക്കാതിരിക്കുകയും അങ്ങനെ അവിശ്വാസിയായി മരണപ്പെടുകയും ചെയ്താൽ തീർച്ചയായും അയാൾ നരകാവകാശികളിൽ പ്പെട്ടവനായിരിക്കും” (സ്വഹീഹു മുസ്‌ലിം).

നബി(സ്വ)യുടെ ദഅ്‌വത്ത് ജിന്നുവർഗത്തിനുകൂടി ബാധകമാണെന്നതിനുള്ള തെളിവുകളിൽ പെട്ടതാ ണ് അല്ലാഹുവിന്റെ ഈ വാക്കുകൾ:

“ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തിരിച്ചു



**സത്യപ്രബോധനത്തിന് ഉത്തരംചെയ്ത് അല്ലാഹുവിന്റെ മതത്തിൽ പ്രവേശിക്കാനുള്ള തൗഫീക്വ് ലഭിക്കുന്നത് അവന്റെ വലിയ അനുഗ്രഹവും ഔദാര്യവുമാണ്. സന്മാർഗത്തിൽ ചേർക്കാനുള്ള അധികാരം അഥവാ ‘ഹിദായത്ത്’ നൽകൽ അല്ലാഹുവല്ലാത്ത ഒരാളുടെയും അധീനതയിലല്ല.**

വിട്ട സന്ദർഭം (ശ്രദ്ധേയമാണ്). അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: ‘നിങ്ങൾ നിശ്ശബ്ദരായിരിക്കൂ.’ അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി. അവർ പറഞ്ഞു: ‘ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴികാട്ടുന്നു. ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽനിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്നപക്ഷം ഈ ഭൂമിയിൽ (അല്ലാഹുവെ) അവന്ന് തോൽപിക്കാനാവില്ല. അല്ലാഹുവിന് പുറമെ അവനു രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേ

ടിലാകുന്നു'' (46:29 32).

മനുഷ്യവർഗത്തോടും ജിന്നു വർഗത്തോടുമായി അല്ലാഹു ചോദിക്കുന്നു: "അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?'' (ക്വുർആൻ 55:13). സൂറതുർറഹ്മാനിൽ 31 പ്രാവശ്യം ഈ ചോദ്യം ആവർത്തിക്കുന്നതായി കാണാം.

ജാബിർ(റ) പറയുന്നു: "നബി (സ്വ) ഒരിക്കൽ അനുചരന്മാരുടെ അടുക്കലേക്ക് പുറപ്പെട്ടു. എന്നിട്ട് സൂറതുർറഹ്മാൻ ആദ്യംമുതൽ അവസാനംവരെ അവർക്ക് ഓതിക്കൊടുത്തു. അപ്പോൾ അവർ നിശ്ശബ്ദരായി ഇരുന്നു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'ജിന്നുകൾ വന്ന രാത്രിയിൽ ഞാൻ അവർക്ക് ഇത് ഓതിക്കേൾപിച്ചിരുന്നു. എന്നാൽ നിങ്ങളെക്കാൾ നല്ല രൂപത്തിലായിരുന്നു അവർ പ്രതികരിച്ചത്. 'നിങ്ങളുടെ രക്ഷിതാവിന്റെ ഏതേത് അനുഗ്രഹങ്ങളെയാണ് നിങ്ങൾ കളവാക്കുന്നത്' എന്ന വചനം ആവർത്തിക്കുമ്പോഴെല്ലാം അവർ ഇപ്രകാരം പറഞ്ഞിരുന്നു: 'ഞങ്ങളുടെ രക്ഷിതാവേ, നിന്റെ അനുഗ്രഹങ്ങളിൽ യാതൊന്നിനെയും ഞങ്ങൾ കളവാക്കുന്നില്ല, നിനക്കാകുന്നു സർവസ്തുതിയും'' (തിർമുദി).

ഇതിന് ഉപോൽബലകമായ ഒരു റിപ്പോർട്ട് ഇബ്നു ഉമറി(റ)ൽനിന്ന് ഇബ്നു ജരീർ(റ) ഉദ്ധരിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ ശൈഖ് അൽബാനിയുടെ സിൽസിലതുസ്സ്വഹീഹയിൽ കാണാവുന്നതാണ്. ക്വുർആനിലെ അധ്യായങ്ങളിൽ ഒന്നിന്റെ പേരു തന്നെ 'അൽജിന്ന്' (അധ്യായം 71) എന്നാണ്. പ്രസ്തുത അധ്യായത്തിൽ ജിന്നുകളുടെ സംസാരം അല്ലാഹു ഉദ്ധരിക്കുന്നുണ്ട്.

ഇസ്‌ലാമിക ശരീഅത്തിന്റെ മൂന്നാമത്തെ സവിശേഷതയാണ് സമ്പൂർണത എന്നത്. അല്ലാഹു പറയുന്നു: "...ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ

**ഇസ്‌ലാമിക ശരീഅത്തിന്റെ മൂന്നാമത്തെ സവിശേഷതയാണ് സമ്പൂർണത എന്നത്. അല്ലാഹു പറയുന്നു: "... ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്കു ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു...''(5:3).**



അനുഗ്രഹം നിങ്ങൾക്കു ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു...''(5:3).

നബി(സ്വ) പറയുന്നു: "തെളിമയാർന്ന സുവ്യക്ത മാർഗത്തിലാണ് ഞാൻ നിങ്ങളെ വിട്ടേച്ചു പോകുന്നത്. അതിന്റെ രാവുപോലും പകലിന് സമാനമാണ്. സ്വയം നശിച്ചവനല്ലാതെ അതിൽനിന്ന് തെറ്റിപ്പോവുകയില്ല'' (ഇബ്നു അബീ ആസ്വിം തന്റെ 'അസ്സുന്ന'യിൽ ഇർബാദുബ്നു സാരിയ(റ)യിൽ നിന്ന് ഉദ്ധരിച്ച സ്വഹീഹായ ഹദീസാണിത്. അബൂദർദി(റ)ൽനിന്നും ഇപ്രകാരം അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്).

സ്വഹീഹ് മുസ്‌ലിമിൽ സൽമാൻ(റ)വിൽനിന്നും ഉദ്ധരിക്കുന്നു: അദ്ദേഹത്തോടൊരിക്കൽ ഒരു ജൂതൻ ചോദിച്ചു: 'മലമൂത്രവിസർജന കാര്യങ്ങളടക്കം എല്ലാ കാര്യങ്ങളും നിങ്ങളുടെ പ്രവാചകൻ നിങ്ങൾക്ക് പഠിപ്പിച്ച് തന്നിട്ടുണ്ടല്ലോ!' അദ്ദേഹം പറഞ്ഞു: 'അതെ, മലമൂത്ര വിസർജനവേളയിൽ ക്വിബ്‌ലക്ക് അഭിമുഖമായി ഇരിക്കുന്നതും വലതുകൈ കൊണ്ട് ശൗച്യം ചെയ്യുന്നതും അവിടുന്ന് ഞങ്ങളോട് വിലക്കിയിട്ടുണ്ട്. വെള്ളമില്ലാത്ത സന്ദർഭങ്ങളിൽ കല്ലുകൊണ്ട് ശുദ്ധീകരിക്കുമ്പോൾ മൂന്നു കല്ലുകളിൽ കുറവ് പാടില്ലെന്നും എല്ലുകൾ, മൃഗങ്ങളുടെ കാഷ്ഠം എന്നിവകൊണ്ട് ശുദ്ധി വരുത്തരുതെന്നും ഞങ്ങളോട് വിരോധിച്ചിട്ടുണ്ട്.''

ഇസ്‌ലാമിക ശരീഅത്തിന്റെ സമഗ്രതയെയും സമ്പൂർണതയെയുമാണിത് അറിയിക്കുന്നത്. ഈ സമൂഹത്തിനാവശ്യമായ എല്ലാം അതുൾകൊള്ളുന്നുണ്ട്. എത്രത്തോളമെന്നാൽ മലമൂത്ര വിസർജന രംഗത്തെ മര്യാദകൾ വരെയും.

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(റ) പറയുന്നു; നബി(സ്വ) പറഞ്ഞു: "എനിക്ക് മുമ്പുണ്ടായിരുന്ന ഏതൊരു പ്രവാചകനും താൻ അറിഞ്ഞ നന്മകൾ തന്റെ സമുദായത്തെ അറിയിക്കൽ ബാധ്യതയാണ്. അപ്രകാരംതന്നെ തിന്മകളെ സംബന്ധിച്ച് താക്കീത്

നൽകലും" (മുസ്‌ലിം).

അബൂജുവൈരിയ(റഹി) പറയുന്നു: "ഞാൻ ഇബ്നു അബ്ബാസി(റ)നോട് 'ബാദിഖ്' എന്ന ഒരുതരം പാനീയത്തെക്കുറിച്ച് (കള്ളായി മാറിയ മുന്തിരിച്ചാറ്) ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ബാദിഖിനെക്കുറിച്ച് മുഹമ്മദ് നബി(സ്വ) മുമ്പേ പറഞ്ഞുതന്നിട്ടുണ്ട്; ലഹരിയുണ്ടാക്കുന്നതെല്ലാം നിഷിദ്ധമാണ്. അദ്ദേഹം പറഞ്ഞു: 'വിശിഷ്ടമായ മുന്തിരിയുടെ അനുവദനീയമായ ചാറല്ലേ അത്?' അപ്പോൾ ഇബ്നു അബ്ബാസ്(റ) വിശദീകരിച്ചുകൊടുത്തു: 'വിശിഷ്ടമായ അനുവദനീയത്തിനുശേഷം അത് മദ്യമായി മാറിയപ്പോൾ നിഷിദ്ധമായ മ്ലേച്ഛമായി" (ബുഖാരി).

അതായത് 'ബാദിഖ്' എന്ന പേരിൽ ഒരു പാനീയം നബി(സ്വ)യുടെ കാലത്ത് ഉണ്ടായിരുന്നില്ല. പക്ഷേ, നബി(സ്വ) പറഞ്ഞുതന്നതിൽ അതും അതിനപ്പുറവും ഉൾക്കൊള്ളുന്നുണ്ട്. 'ലഹരിയുണ്ടാക്കുന്ന എല്ലാം നിഷിദ്ധമാണ്' എന്നതിന്റെ വ്യാപകാർഥത്തിൽ പ്രസ്തുത സ്വഭാവമുള്ള എല്ലാം ഉൾപ്പെടുമെന്ന് സാരം. നബി(സ്വ)യുടെ കാലത്തുള്ളതും പിന്നീടുണ്ടാകുന്നതും ദ്രാവകരൂപത്തിലുള്ളതും ഖരരൂപത്തിലുള്ളതുമെല്ലാം ഇതിൽ സമമാണ്. ലഹരിയല്ലാത്തവയാകട്ടെ അനുവദനീയവും.

പിൽക്കാലത്തുണ്ടായ പുകവലിയെക്കുറിച്ചും ബാദിഖിന്റെ കാര്യത്തിൽ പറഞ്ഞതുതന്നെയാണ് പറയാൻ കഴിയുക. അഥവാ ശരീരത്തിന്റെ പൊതുതത്ത്വങ്ങളും താൽപര്യങ്ങളും പുകവലി നിഷിദ്ധമാണെന്നാണ് അറിയിക്കുന്നത്.

നബി(സ്വ)യെക്കുറിച്ച് അല്ലാഹു പറഞ്ഞ ഈ വചനം ശ്രദ്ധിക്കുക: "വിശിഷ്ടമായത് അദ്ദേഹം അവർക്ക് അനുവദിച്ച് കൊടുക്കുകയും മ്ലേച്ഛമായത് അവർക്ക് വിലക്കുകയും ചെയ്യുന്നു" (ക്വുർആൻ 7:157).

പുകവലി വിശിഷ്ടമായതിൽ പെട്ടതല്ല; പ്രത്യുത മ്ലേച്ഛമായതാണ്. അതിനാൽ അത് നിഷിദ്ധമാണ്. അതോടൊപ്പം അത് ശരീരത്തിന് ഹാനികരവും മരണത്തിലേക്കുവരെ എത്തിക്കുന്ന രോഗങ്ങൾക്ക് കാരണവുമാകാറുണ്ട്. മാത്രമല്ല, ധനം പാഴാക്കലും വിഷപ്പുകയും ദുർഗന്ധവും മറ്റുമൊക്കെ കൊണ്ട് മറ്റുള്ളവരെ ശല്യപ്പെടുത്തലും അതിലുണ്ട്. ഈ സംഗതികളെല്ലാം അത് നിഷിദ്ധമാണെന്ന കാര്യമാണ് അറിയിക്കുന്നത്.

അബൂദർദ്(റ) പറയുന്നു: "നബി(സ്വ) ഞങ്ങളെ വിട്ട് പോകുമ്പോൾ അന്തരീക്ഷത്തിലൂടെ ചിറകിട്ടടിച്ച് പറന്നുപോകുന്ന ഒരു പക്ഷിയെക്കുറിച്ച് പോലും ഞങ്ങളറിയേണ്ട കാര്യങ്ങൾ പറഞ്ഞുതരാതെ വിട്ടുകളഞ്ഞിട്ടില്ല" (ഇബ്നു ഹിബ്ബാൻ).

ഇബ്നു ഹിബ്ബാൻ(റ) പറയുന്നു: "അതായത്, നബി(സ്വ)യുടെ കൽപനകൾ, വിരോധങ്ങൾ, അറിയിപ്പുകൾ, അവിടുത്തെ പ്രവൃത്തികൾ, അനുവാദങ്ങൾ മുതലായവയിലൂടെ ഞങ്ങൾക്ക് അറിവു പകർന്നുതന്നു എന്ന് സാരം" (ശൈഖ് അൽബാനി ഈ റിപ്പോർട്ട് സ്വഹീഹാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്, സ്വഹീഹു മവാരിദു ദ്വംആൻ 1/119).

പക്ഷികളെക്കുറിച്ച് നബി(സ്വ) പറഞ്ഞുതന്ന ഇത്തരത്തിലുള്ള അറിവുകളുടെ കൂട്ടത്തിൽ പെട്ടതാണ് ഇബ്നു അബ്ബാസ്(റ) ഉദ്ധരിക്കുന്ന ഈ ഹദീസ്: "തേറ്റകൊണ്ട് ഇരപിടിക്കുന്ന എല്ലാ വന്യമൃഗങ്ങളെയും കാലുകൊണ്ട് ഇരയെ ഇറുക്കിപ്പിടിക്കുന്ന എല്ലാ പക്ഷികളെയും (ഭക്ഷിക്കുന്നത്) നബി(സ്വ) വിലക്കിയിട്ടുണ്ട്."

കാലുകൊണ്ട് ഇറുക്കി ഇരപിടിക്കുന്ന ഏതു പക്ഷിയും നമുക്ക് ഭക്ഷ്യയോഗ്യമല്ലെന്ന് ഈ ഹദീസ് അറിയിക്കുന്നു. ഇത് നബി(സ്വ)യുടെ 'ജവാമിഉൽ കലിമി'ൽ (അഥവാ കുറഞ്ഞ വാക്കുകളിലൂടെ ധാരാളം ആശയങ്ങൾ പറയുന്ന വാക്കുകൾ) പെട്ടതാണ്. ഇത് കർമശാസ്ത്ര മതവിധികളുമായി

> **നബി(സ്വ)യെക്കുറിച്ച് അല്ലാഹു പറഞ്ഞ ഈ വചനം ശ്രദ്ധിക്കുക: "വിശിഷ്ടമായത് അദ്ദേഹം അവർക്ക് അനുവദിച്ച് കൊടുക്കുകയും മ്ലേച്ഛമായത് അവർക്ക് വിലക്കുകയും ചെയ്യുന്നു" (ക്വുർആൻ 7:157). പുകവലി വിശിഷ്ടമായതിൽ പെട്ടതല്ല; പ്രത്യുത മ്ലേച്ഛമായതാണ്. അതിനാൽ അത് നിഷിദ്ധമാണ്. അതോടൊപ്പം അത് ശരീരത്തിന് ഹാനികരവും മരണത്തിലേക്കുവരെ എത്തിക്കുന്ന രോഗങ്ങൾക്ക് കാരണവുമാകാറുണ്ട്. മാത്രമല്ല, ധനം പാഴാക്കലും വിഷപ്പുകയും ദുർഗന്ധവും മറ്റുമൊക്കെ കൊണ്ട് മറ്റുള്ളവരെ ശല്യപ്പെടുത്തലും അതിലുണ്ട്. ഈ സംഗതികളെല്ലാം അത് നിഷിദ്ധമാണെന്ന കാര്യമാണ് അറിയിക്കുന്നത്.**

ബന്ധപ്പെട്ട ഒരു ഹദീസാണെങ്കിൽ; പക്ഷികളെക്കുറിച്ച് പറഞ്ഞ മറ്റൊരു ഹദീസ് കാണുക:

നബി(സ്വ) പറയുന്നു: "നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കേണ്ടതുപോലെ ഭരമേൽപിക്കുകയാണെങ്കിൽ പക്ഷികൾക്ക് ഉപജീവനം നൽകുന്നതുപോലെ അല്ലാഹു നിങ്ങൾക്കും നൽകും. അവ രാവിലെ ഒട്ടിയവയറുമായി കൂടുവിട്ടു പോകുന്നു. വൈകുന്നേരം നിറഞ്ഞ വയറുമായി കൂടണയുന്നു" (അഹ്മദ്, തിർമുദി, നാസാഈ, ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ, ഹാകിം മുതലായവർ ഉദ്ധരിച്ചത്. തിർമുദി പറഞ്ഞു: 'ഈ ഹദീസ് ഹസനും സ്വഹീഹുമാണ്.' ഇമാം നവവി(റ)യുടെ നാൽപത് ഹദീസുകളുടെ കൂടെ



ഇബ്നു റജബ്(റഹി) ചേർത്തു പറഞ്ഞ ഹദീസുകളിൽ ഒന്നുമാണ് ഈ ഹദീസ്).

ഇമാം ഇബ്നുൽ ക്വയ്യിം (റഹി) തന്റെ സുപ്രസിദ്ധഗ്രന്ഥമായ 'ഇഅ്ലാമുൽ മുവക്ക്വിഈനിൽ (4/375-376) ശരീഅത്തിന്റെ സമ്പൂർണതയെക്കുറിച്ച് പറയുന്നു: "ഇത് ഏറ്റവും പ്രധാനപ്പെട്ടതും ഉപകാരപ്രദവുമായ ഒരു അടിസ്ഥാനമാണ്. അത് ഒറ്റക്കാര്യത്തിൽ സ്ഥാപിതമാണ്. അതായത്, നബി(സ്വ)യുടെ രിസാലത്ത് (സന്ദേശം) എല്ലാവരിലേക്കുമുള്ളതാണ്. മനുഷ്യന്മാർക്ക് ആവശ്യമായ അവരുടെ വിജ്ഞാനങ്ങളും അറിവുകളും കർമങ്ങളുമൊക്കെ സംബന്ധിച്ച് വേറൊരാളിലേക്ക് ഇനി ആവശ്യമില്ലാത്തവിധം നബി (സ്വ) എല്ലാം വിശദമാക്കിയിട്ടുണ്ട്. ഇനി വേണ്ടത് നബി (സ്വ) പഠിപ്പിച്ചത് സത്യസന്ധമായി ആളുകളിലേക്ക് എത്തിച്ചുകൊടുക്കുന്നവരെയാണ്. നബി(സ്വ)യുടെ ദൗത്യവും സന്ദേശങ്ങളും രണ്ട് അർഥതലങ്ങളിൽ സമഗ്രവും സമ്പൂർണവുമാണ്. ഒന്ന്, അത് എല്ലാവരിലേക്കു'മുള്ളതാണ്. മറ്റൊന്ന്, മനുഷ്യർക്കാവശ്യമായ എല്ലാം-മതത്തിന്റെ അടിസ്ഥാന കാര്യങ്ങളും ശാഖാപരമായ സംഗതികളും - അതിലടങ്ങിയിട്ടുണ്ട് എന്നതാണ്. അതിനാൽ അതല്ലാത്ത വേറൊന്ന് ഇനി ആവശ്യമേയില്ല. നബി(സ്വ)യിലുള്ള വിശ്വാസം പൂർണമാകണമെങ്കിൽ ഈ രണ്ട് അർഥതലങ്ങളിലുമുള്ള, മതത്തിന്റെ സമഗ്രത അംഗീകരിച്ചിരിക്കണം. നബി(സ്വ) പഠിപ്പിച്ച ദീനിന്റെ അധ്യാപനങ്ങളിൽനിന്നും ഒരാൾക്കും ഒഴിവില്ല. മതനിയമങ്ങൾ ബാധകമായ (മുകല്ലഫായ) എല്ലാ വ്യക്തികൾക്കും ആ നിയമങ്ങൾ ബാധകമാണ്. ഈ സമൂഹത്തിനാവശ്യമായ എല്ലാ കാര്യങ്ങളും പ്രവാചകാധ്യാപനങ്ങളിലുണ്ട്. അതിനപ്പുറം മറ്റൊന്നിലേക്കും ഒരു പരിഹാരവും ആശ്വാസവും തേടി പോകേണ്ടതില്ല. അല്ലാഹുവിന്റെ ദൂതൻ(സ്വ) ഈ ലോകത്തോട് വിടപറയുമ്പോൾ ആകാശത്തുകൂടി പറന്നുനടക്കുന്ന ഒരു പക്ഷിയുടെ കാര്യത്തിൽവരെയും ആളുകൾ അറിയേണ്ടതും പഠിക്കേണ്ടതുമായ എല്ലാ കാര്യങ്ങളും പറഞ്ഞുതന്നിട്ടാണ് പോയിട്ടുള്ളത്."

"എത്രത്തോളമെന്നാൽ, ശൗചകാര്യ മര്യാദകൾ, ഭാര്യാഭർതൃബന്ധങ്ങളിലെ മര്യാദകൾ, ഉറക്കമര്യാദകൾ, നടക്കുമ്പോഴും ഇരിക്കുമ്പോഴും നിൽക്കുമ്പോഴും തിന്നുമ്പോഴും കുടിക്കുമ്പോഴും വാഹനത്തിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്രാവേളയിലും അല്ലാത്തപ്പോഴും; സംസാരിക്കുന്ന സന്ദർഭങ്ങളിലും മൗനം ദീക്ഷിക്കുമ്പോഴും, ഏകാന്തതയിലും ആളുകൾക്കിടയിലാകുമ്പോഴും, സമ്പന്നതയിലും ദാരിദ്ര്യത്തിലും, ആരോഗ്യമുള്ളപ്പോഴും രോഗാവസ്ഥയിലും, ജീവിതത്തിന്റെ സകല രംഗങ്ങളിലും പാലിക്കേണ്ട വിധിവിലക്കുകളെ കുറിച്ചും മരണത്തെ സംബന്ധിച്ചുമൊക്കെ അവിടുന്ന് വിശദമായി പറഞ്ഞുതന്നിട്ടുണ്ട്. അല്ലാഹുവിന്റെ അർശിനെക്കുറിച്ചും കുർസിയ്യിനെപ്പറ്റിയും മലക്കുകൾ, ജിന്നുകൾ, സ്വർഗം, നരകം എന്നിവയെക്കുറിച്ചും; അന്ത്യനാളും അന്ന് സംഭവിക്കുന്ന സംഗതികളും നാം നേരിൽ കാണുന്നതുപോലെ സ്പഷ്ടമായയും നബി(സ്വ) വിവരിച്ചുതന്നിട്ടുണ്ട്. മനുഷ്യരുടെ ഏക ആരാധ്യനും ആശ്രയവുമായ അല്ലാഹുവിനെക്കുറിച്ച് ഏറ്റവും പരിപൂർണ രൂപത്തിൽ അവിടുന്ന് അറിയിച്ചുതന്നിട്ടുണ്ട്. സ്രഷ്ടാവിന്റെ പരിപൂർണ മഹത്ത്വത്തിലും ശ്രേഷ്ഠമായ ഗുണവിശേഷങ്ങളിലും അവർ അവനെ നേരിൽ കാണുന്നപോലെയും; പ്രവാചകന്മാരെയും അവരുടെ ജനതകളെയും അവരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെയുമൊക്കെയും നബി (സ്വ) വിവരിച്ചുതന്നിട്ടുണ്ട്."

"എത്രത്തോളമെന്നാൽ, നാം അവരുടെ കൂടെ കഴിഞ്ഞപോലെ. അപ്രകാരംതന്നെ സൂക്ഷ്മവും സ്ഥൂലവുമായ നന്മതിന്മകളെക്കുറിച്ച് മറ്റൊരു പ്രവാചകനും തന്റെ

**തൗഹീദ് (ഏകദൈവ വിശ്വാസം) പ്രവാചകത്വം, പരലോകം എന്നിവയുടെ നിരവധി തെളിവുകളും; വഴിപിഴച്ചവരും അവിശ്വാസികളുമായ എല്ലാ വിഭാഗങ്ങൾക്കുമുള്ള ഖണ്ഡനങ്ങളും മറുപടികളും നബി(സ്വ) വിശദീകരിച്ചിട്ടുണ്ട്. അത് മനസ്സിലാക്കിയവരെ സംബന്ധിച്ചിടത്തോളം ഇനി മറ്റൊരാളുടെയും വിവരണം ആവശ്യമില്ലാത്തവിധം വ്യക്തമാണത്. അത് അവ്യക്തമായവർക്ക് അറിവുള്ളവർ വിശദീകരിച്ചു കൊടുക്കേണ്ടിവരും എന്നതല്ലാതെ പ്രവാചകവിവരണങ്ങളിൽ യാതൊരു അപൂർണതയോ അവ്യക്തതയോ ഇല്ല.**

> **ലോകത്ത് ഒരു നിയമവ്യവസ്ഥയിലുമില്ലാത്ത, സമ്പൂർണവും സമഗ്രവുമായ നിയമനിർദേശങ്ങളടങ്ങിയ ദൈവിക നിയമവ്യവസ്ഥയെ സംബന്ധിച്ച്; അപൂർണവും അപരിഷ്‌കൃതവുമെന്നും, അതിനെ പൂർത്തീകരിക്കുന്നതിനും പരിഷ്‌കരിക്കുന്നതിനും പുറത്തുനിന്നുള്ള ചിന്തയും ആശയങ്ങളും ആവശ്യമാണെന്നും എങ്ങനെയാണ് പറയാനാവുക? ആരെങ്കിലും അങ്ങനെ കരുതുന്നുണ്ടെങ്കിൽ ഇനിയും മനുഷ്യർക്ക് ഒരു പ്രവാചകൻ വരേണ്ടതായിട്ടുണ്ടെന്നു വിശ്വസിക്കുന്നവരെ പോലെയാണ് അയാളും. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം പ്രവാചകാധ്യാപനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും അജ്ഞതയുമാണ്.**

സമുദായത്തിന് പറഞ്ഞുകൊടുത്തിട്ടില്ലാത്തത്ര വിശദമായി അവിടുന്ന് പറഞ്ഞുതന്നിട്ടുണ്ട്. മരണത്തിന്റെ അവസ്ഥകളെക്കുറിച്ചും അതിനുശേഷം സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചും; ബർസഖീ ജീവിതത്തെപ്പറ്റിയും ശരീരത്തിനും ആത്മാവിനും അതിൽ സംഭവിക്കുന്ന രക്ഷാശിക്ഷകളെക്കുറിച്ചും മറ്റൊരു നബിയും അറിയിച്ചിട്ടില്ലാത്തവിധത്തിൽ വളരെ വ്യക്തമായി അവിടുന്ന് അറിയിച്ചുതന്നിട്ടുണ്ട്. അപ്രകാരംതന്നെ തൗഹീദ് (ഏകദൈവ വിശ്വാസം) പ്രവാചകത്വം, പരലോകം എന്നിവയുടെ നിരവധി തെളിവുകളും; വഴിപിഴച്ചവരും അവിശ്വാസികളുമായ എല്ലാ വിഭാഗങ്ങൾക്കുമുള്ള ഖണ്ഡനങ്ങളും മറുപടികളും നബി(സ്വ) വിശദീകരിച്ചിട്ടുണ്ട്. അത് മനസ്സിലാക്കിയവരെ സംബന്ധിച്ചിടത്തോളം ഇനി മറ്റൊരാളുടെയും വിവരണം ആവശ്യമില്ലാത്തവിധം വ്യക്തമാണത്. അത് അവ്യക്തമായവർക്ക് അറിവുള്ളവർ വിശദീകരിച്ചു കൊടുക്കേണ്ടിവരും എന്നതല്ലാതെ പ്രവാചകവിവരണങ്ങളിൽ യാതൊരു അപൂർണതയോ അവ്യക്തതയോ ഇല്ല.''

''അതുപോലെതന്നെ യുദ്ധതന്ത്രങ്ങൾ, ശത്രുവിനെ നേരിടൽ, വിജയത്തിന്റെ വഴികൾ തുടങ്ങിയ കാര്യങ്ങളെല്ലാം നബി(സ്വ) മനുഷ്യരാശിക്ക് പരിചയപ്പെടുത്തി. അത് വേണ്ടപോലെ ഗ്രഹിച്ച് മനസ്സിലാക്കി അർഹിക്കുന്ന വിധം പരിഗണിച്ചാൽ അവരെ പ്രതിരോധിക്കാൻ ഒരു ശത്രുവും ഉണ്ടാവുകയില്ല. അപ്രകാരംതന്നെ മനുഷ്യന്റെ ആജന്മശത്രുവായ ഇബ്‌ലീസിനെക്കുറിച്ചും അവന്റെ കുതന്ത്രങ്ങൾ, മനുഷ്യരുടെ അടുക്കൽ അവൻ വരുന്ന വഴികൾ, അവനിൽനിന്നും അവന്റെ കെണികളിൽനിന്നും അവന്റെ കുതന്ത്രങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള വഴികൾ എന്നിവയെ സംബന്ധിച്ചുമെല്ലാം ഇനിയൊന്നും ബാക്കിയില്ലാത്ത വിധം സമ്പൂർണമായി പറഞ്ഞുതന്നിട്ടുണ്ട്.''

''അതുപോലെതന്നെ മനുഷ്യരുടെ അവസ്ഥകളെ സംബന്ധിച്ചും സ്വഭാവങ്ങളെപ്പറ്റിയും അവരിൽ ഒളിഞ്ഞിരിക്കുന്ന പക, ശത്രുത എന്നിവയെ സംബന്ധിച്ചും ഇനി മറ്റൊരാളുടെ (വിവരണം) ആവശ്യമില്ലാത്തവിധം എല്ലാം അവിടുന്ന് വിശദീകരിച്ചിട്ടുണ്ട്. അപ്രകാരംതന്നെ മനുഷ്യരുടെ ജീവിതവ്യവഹാരങ്ങളെ സംബന്ധിച്ചും ഉപജീവനമാർഗങ്ങളെ സംബന്ധിച്ചും അവിടുന്ന് പരിചയപ്പെടുത്തി. അവ വേണ്ടപോലെ ഗ്രഹിക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്താൽ നിസ്സംശയം, അവരുടെ ഭൗതിക ജീവിതവും ഏറ്റവും നല്ല രൂപത്തിൽ നേരാകുമായിരുന്നു.''

''ചുരുക്കത്തിൽ, ഇഹപര ജീവിതത്തിലെ വിജയത്തിനാവശ്യമായ നന്മകളഖിലവും നബി(സ്വ) മനുഷ്യർക്ക് പകർന്നുനൽകിയിട്ടുണ്ട്. അത്തരം കാര്യങ്ങൾക്ക് അന്ത്യപ്രവാചകനു പുറമെ മറ്റൊരാളുടെയും ആവശ്യമില്ലാത്തവിധം അല്ലാഹു ആക്കിത്തീർത്തിരിക്കുന്നു എന്ന് സാരം.

ലോകത്ത് ഒരു നിയമവ്യവസ്ഥയിലുമില്ലാത്ത, സമ്പൂർണവും സമഗ്രവുമായ നിയമനിർദേശങ്ങളടങ്ങിയ ദൈവിക നിയമവ്യവസ്ഥയെ സംബന്ധിച്ച്; അപൂർണവും അപരിഷ്‌കൃതവുമെന്നും, അതിനെ പൂർത്തീകരിക്കുന്നതിനും പരിഷ്‌കരിക്കുന്നതിനും പുറത്തുനിന്നുള്ള ചിന്തയും ആശയങ്ങളും ആവശ്യമാണെന്നും എങ്ങനെയാണ് പറയാനാവുക? ആരെങ്കിലും അങ്ങനെ കരുതുന്നുണ്ടെങ്കിൽ ഇനിയും മനുഷ്യർക്ക് ഒരു പ്രവാചകൻ വരേണ്ടതായിട്ടുണ്ടെന്നു വിശ്വസിക്കുന്നവരെ പോലെയാണ് അയാളും. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം പ്രവാചകാധ്യാപനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും അജ്ഞതയുമാണ്. പ്രവാചകാനുചരന്മാർക്ക് ലഭിച്ചതുപോലെ നബി(സ്വ)യെ അറിയാനും അവിടുന്ന് പഠിപ്പിച്ച ആശയങ്ങളെ മനസ്സിലാക്കുവാനുമുള്ള തൗഫീക് ഇല്ലാതെപോയതിനാലുമാണത്. അവരാകട്ടെ യാഥാർഥ്യങ്ങൾ ഗ്രഹിച്ച് പ്രവാചകാധ്യാപനങ്ങളെ നെഞ്ചിലേറ്റി, അവിടുത്തെ ഉപദേശനിർദേശങ്ങളെ അനുധാവനം ചെയ്തു. അങ്ങനെ ജനഹൃദയങ്ങളെയും വിശാലമായ സാമ്രാജ്യങ്ങളെയും കീഴടക്കാൻ അവർക്ക് സാധിച്ചു. 'ഇതാണ് ഞങ്ങളുടെ പ്രവാചകൻ ഞങ്ങളെ ഏൽപിച്ചത്, ഇതുതന്നെയാണ് ഞങ്ങൾക്ക് നിങ്ങളെയും ഏൽപിക്കാനുള്ളത്' എന്ന് പറഞ്ഞു അടുത്ത തലമുറയിലേക്ക് ദൗത്യം കൈമാറിക്കൊണ്ടാണ് അവർ യാത്രയായത്'' (ഇഅ്‌ലാമുൽ മുവക്കിഈൻ 4/375, 376).

*(അവസാനിച്ചില്ല)*



# അറബി ഭാഷ; സവിശേഷതകൾ, സാധ്യതകൾ

ഡോ. ടി. കെ യൂസുഫ്
: 9349798262

ലോകത്തെ അതിപുരാതനമായ പല ഭാഷകളും കാലത്തിന്റെ ഒഴുക്കിനെ അതിജയിക്കാനാകാതെ കാലഹരണപ്പെട്ടുപോയിട്ടുണ്ട്. എന്നാൽ അറബി ഭാഷ അതിബൃഹത്തായ ക്ലാസിക്കൽ സാഹിത്യ സമ്പത്ത് ഉൾകൊള്ളുന്നതോടൊപ്പം തന്നെ ആധുനിക കാലത്ത് അന്താരാഷ്ട്ര തലത്തിൽ ആശയവിനിമയ രംത്ത് അവഗണിക്കാനാവാത്ത പങ്കുകൂടി നിർവഹിച്ച് നിലനിൽക്കുകയാണ്. ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച ആറ് പ്രധാന ഭാഷകളിൽ അറബി ഭാഷക്ക് സ്ഥാനം ലഭിച്ചതിന്റെ ഭാഗമായിട്ടാണ് അന്താരാഷ്ട്ര അറബി ഭാഷാദിനം ആചരിക്കുന്നത്. അറബി ഭാഷയുടെ കൂടെ പിറന്നുവീണ പല ഭാഷകളും ഭൂമുഖത്തു നിന്ന് കുറ്റിയറ്റു പോയിട്ടുണ്ട്. അവയിൽ അപൂർവം ചിലതാകട്ടെ അന്ത്യശ്വാസം വലിച്ചുകൊണ്ട് നാമമാത്രമായി നിലനിൽക്കുന്നുണ്ട്. വളരെ പഴക്കമുള്ള ഒരു ഭാഷ എന്ന നിലയ്ക്ക് അറബി ഭാഷയുടെ വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടങ്ങളിൽ ഒട്ടേറെ പദങ്ങളും പ്രയോഗങ്ങളും അന്യഭാഷകളിൽനിന്ന് കൈപ്പറ്റിയിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ വാഹന വ്യൂഹത്തിന്റെ കൂടെ സഞ്ചരിക്കുന്നതിനു വേണ്ടി പല ഇംഗ്ലീഷ് പദങ്ങളും അറബീകരിക്കുകയും പഴയ പദങ്ങൾക്ക് പുതിയ അർഥതലങ്ങൾ തേടുകയും ചെയ്തിട്ടുണ്ട്.

ലോകത്ത് ഇന്ന് 7151 ഭാഷകളുണ്ട്. അവയിൽ ഏറ്റവും പദസമ്പത്തുള്ള ഭാഷ അറബിയാണ്. 1232912 പദങ്ങൾ അറബി ഭാഷയിൽ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ലോക ഭാഷയായി ഗണിക്കപ്പെടുന്ന ഇംഗ്ലീഷിൽ ആറ് ലക്ഷം പദങ്ങളാണുള്ളത്. ഫ്രഞ്ചിൽ നാലു ലക്ഷം പദങ്ങളുമുണ്ട്. ബാക്കി ലോക ഭാഷകളിൽ ഇതിൽ കുറവ് പദങ്ങളാണുള്ളത്. അറബി ഭാഷയിലെയും ഇംഗ്ലീഷ് ഭാഷയിലെയും പുരാതന നിഘണ്ഡുക്കൾ പരിശോധിച്ചാൽ പോലും ഈ അന്തരം നമുക്ക്

**അറബി ഭാഷയുടെ കൂടെ പിറന്നുവീണ പല ഭാഷകളും ഭൂമുഖത്തു നിന്ന് കുറ്റിയറ്റു പോയിട്ടുണ്ട്. അവയിൽ അപൂർവം ചിലതാകട്ടെ അന്ത്യശ്വാസം വലിച്ചുകൊണ്ട് നാമമാത്രമായി നിലനിൽക്കുന്നുണ്ട്. വളരെ പഴക്കമുള്ള ഒരു ഭാഷ എന്ന നിലയ്ക്ക് അറബി ഭാഷയുടെ വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടങ്ങളിൽ ഒട്ടേറെ പദങ്ങളും പ്രയോഗങ്ങളും അന്യഭാഷകളിൽനിന്ന് കൈപ്പറ്റിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ വാഹന വ്യൂഹത്തിന്റെ കൂടെ സഞ്ചരിക്കുന്നതിനുവേണ്ടി പല ഇംഗ്ലീഷ് പദങ്ങളും അറബീകരിക്കുകയും പഴയ പദങ്ങൾക്ക് പുതിയ അർഥതലങ്ങൾ തേടുകയും ചെയ്തിട്ടുണ്ട്.**

കണ്ടെത്താൻ കഴിയും. പര്യായപദങ്ങളുടെ ബാഹുല്യമാണ് അറബി ഭാഷയുടെ മറ്റൊരു സവിശേഷത. ചില പദങ്ങൾക്ക് നൂറോളം പര്യായപദങ്ങൾ അറബിയിൽ കാണപ്പെടുന്നുണ്ട്.

വളരെ കുറഞ്ഞ പദങ്ങൾകൊണ്ട് വലിയ ആശയങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്നതും അറബി ഭാഷയുടെ ഒരു പ്രത്യേകതയാണ്. എന്തിനേറെ പറയുന്നു, അറബി അക്ഷരമാലയിലെ അധിക അക്ഷരങ്ങൾക്കും സ്വതന്ത്രമായ അർഥങ്ങളുണ്ട്. അതുപോലെ അധിക പദങ്ങളും രണ്ടോ മൂന്നോ നാലോ അക്ഷരങ്ങൾ കൂടിച്ചേർന്നുണ്ടാകുന്നതാണ്. അപൂർവം പദങ്ങളിൽ മാത്രമെ അഞ്ച് അക്ഷരങ്ങൾ കാണപ്പെടുന്നുള്ളൂ. ഡിജിറ്റൽ ടെ




ക്നോളജിയുടെ യുഗത്തിൽ ഇത് ഏറ്റവും വലിയ ഒരു നേട്ടമാണ്. ഇംഗ്ലീഷ് ഭാഷയിൽ നിഘണ്ടുക്കളിൽ കാണപ്പെടുന്ന പദങ്ങളിൽപോലും നാൽപത്തഞ്ചോളം അക്ഷരങ്ങളുണ്ട്. സൂപ്പർ സുദീർഘ പദങ്ങളിൽ ഒരു ലക്ഷത്തി തൊണ്ണൂറായിരം അക്ഷരങ്ങളുണ്ട്. ആ പദമാകട്ടെ ശരീരത്തിലെ ഒരു പ്രോട്ടീൻ സംയുക്തത്തെ സൂചിപ്പിക്കുന്നതാണ്. പ്രസ്തുത പദം ഉച്ചരിക്കണമെങ്കിൽ മൂന്ന് മണിക്കൂറിലധികം സമയം ആവശ്യമാണ്. ഈ പദം ഉച്ചരിക്കുന്നവർ ഗിന്നസ് ബുക്കിൽ വരെ ഇടം നേടുന്നുണ്ട്. വളരെ കുറഞ്ഞ അക്ഷരങ്ങൾകൊണ്ട് അത്ഭുതം സൃഷ്ടിക്കുന്ന അറബി ഭാഷയാണ് ഈ കാലഘട്ടത്തിന് ഏറ്റവും അനുയോജ്യമെന്ന് നമുക്ക് കാണാൻ കഴിയും.

അറബി ഭാഷയിലെ ഓരോ പദത്തിനും ഓരോ ഉച്ചാരണമാണുള്ളത്. ഉച്ചരിക്കാത്ത അക്ഷരങ്ങളോ ഉച്ചാരണം വ്യത്യാസപ്പെടുന്ന പദങ്ങളോ അറബി ഭാഷയിൽ കാണപ്പെടുന്നില്ല. സംസാരിച്ചുകൊണ്ട് അച്ചടിക്കപ്പെടുന്ന സോഫ്റ്റ് വെയറുകളിൽ ഇത് വളരെ പ്രസക്തമാണ്. അതുപോലെ ഒരേ മൂലധാതുവിൽനിന്ന് വരുന്ന സമാന അക്ഷരങ്ങളുള്ള പദങ്ങളാണ് ഒരു ആശയത്തെ ധ്വനിപ്പിക്കുന്നത്. ഉദാഹരണത്തിന്, എഴുത്ത്, പുസ്തകം, എഴുത്തുകാരൻ ലൈബ്രറി... തുടങ്ങിയ പദങ്ങളെല്ലാം ഒരു ധാതുവിൽനിന്നാണ്. ഇതും അറബി ഭാഷാപഠനം എളുപ്പമാക്കുന്നതാണ്. ഇങ്ങനെ എണ്ണമറ്റ സവിശേഷതകളുള്ളതുകൊണ്ടു കൂടിയാകാം ക്വുർആൻ അറബി ഭാഷയിൽ അവതരിച്ചത്. ക്വുർആൻ അറബി ഭാഷയിൽ അവതരിപ്പിക്കുക മാത്രമല്ല, നിങ്ങൾ ചിന്തിക്കുന്നതിനു വേണ്ടി അറബി ഭാഷയിൽ അവതിരിപ്പിച്ചുവെന്നും ക്വുർആൻ ഒന്നിലധികം സ്ഥലങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

അറബി ഭാഷ പഠിക്കുന്നവർക്ക് അറബി അധ്യാപകരാകാം എന്ന ഒരു സാധ്യത മാത്രമാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. സ്കൂൾ, കോളേജ്, സർവകലാശാല എന്നിവിടങ്ങളിൽ അധ്യയനം നടത്തുന്നതിലുപരിയായി മദ്റസകളിലും മറ്റും പഠിപ്പിക്കാനും അവർക്ക് അവസരം ലഭിച്ചിരുന്നു. അതിലുപരി പള്ളികളിലെ ഇമാം, ഖത്വീബ് എന്നീ ചുമതലകളും അറബി ഭാഷ പഠിച്ചവർ തന്നെയാണ് നിർവഹിച്ചിരുന്നത്. ഭൗതികമായ നേട്ടങ്ങൾ ഒന്നും ആഗ്രഹിക്കാതെ പാരത്രിക ലക്ഷ്യത്തിനുവേണ്ടി  പള്ളി ദർസുകളിലും മറ്റും പോയി അറബി പഠിക്കാൻ പലരും മുന്നോട്ട് വന്നിരുന്നു. എന്നാൽ ഇന്ന് അറബി ഭാഷ അറിയുന്നവർക്ക് പ്രൊഫഷണൽ കോളേജുകളിൽനിന്നും മറ്റും ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർഥികൾക്ക് കിട്ടാൻ സാധ്യതയുള്ള ജോലിയെക്കാളും ലോകോത്തരമായ തൊഴിലവസരങ്ങളുണ്ട്.

നമ്മുടെ നാട്ടിൽ ഒട്ടനവധി കലാലയങ്ങളുണ്ട്. മെഡിക്കൽ, പാരാമെഡിക്കൽ, എഞ്ചിനിയറിംഗ്, ഐ. ടി, ബിസിനസ് മാനേജ്മെന്റ് തുടങ്ങി അവയുടെ പട്ടിക നീളുന്നതാണ്. കെമിസ്ട്രി, ഫിസിക്സ്, മാത്സ് തുടങ്ങിയ ശാസ്ത്ര ശാഖകളും അറബി, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം മുതലായ ഭാഷാ വിഷയങ്ങളും ഇവിടെ പ്രത്യേകം പഠിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ അറബി പഠിക്കുന്നവർക്ക് മറ്റുള്ളവരെ അപേക്ഷിച്ച്

അനന്തമായ അവസരങ്ങളുടെ വാതായനങ്ങളാണ് ഇന്ന് തുറക്കപ്പെട്ടിട്ടുള്ളത്. ഉദാഹരണത്തിന്, വൈദ്യശാസ്ത്രം പഠിക്കുന്ന ഒരു വിദ്യാർഥി, അവൻ ഒന്നുകിൽ മെഡിക്കൽ കോളേജ് അധ്യാപകനാകുകയോ അല്ലെങ്കിൽ സ്വദേശത്തോ വിദേശത്തോ സ്വകാര്യ സർക്കാർ സ്ഥാപനങ്ങളിൽ ഡോക്ടറായി സേവനമനുഷ്ഠിക്കുകയോ ചെയ്യുന്നു. മെഡിക്കൽ ഫീൽഡ് വിട്ട് മറ്റൊരു മേഖലയിൽ അവൻ സാധാരണ ഗതിയിൽ ജോലി നേടാറില്ല. മറ്റു ശാസ്ത്രങ്ങളും വിജ്ഞാനങ്ങളും പഠിക്കുന്നവരുടെ അവസ്ഥയും ഇതു തന്നെയാണ്. അവരും തങ്ങളുടെ മേഖലകളിൽ മാത്രമാണ് പ്രവർത്തിക്കാറുള്ളത്. എന്നാൽ കേരളത്തിലെ വിവിധ അറബിക് കോളേജുകളിൽ പഠിച്ചവർ അറബ് നാടുകളിൽ വളരെ ഉന്നതമായ സ്ഥാനങ്ങളിൽ ജോലി നേടുകയും വലിയ വേതനം കൈപ്പറ്റുകയും ചെയ്യുന്നുണ്ട്. സ്വന്തം കഴിവിനും സാമർഥ്യത്തിനുമുപരിയായി അറബി ഭാഷ അറിയുന്നു എന്ന വസ്തുതയാണ് ഈ ഔന്നിത്യത്തിന് നിമിത്തമായി മാറുന്നത്.

അറബി അതിപുരാതനമായ ഒരു ഭാഷയാണ്. എ. ഡി. അഞ്ചാം നൂറ്റാണ്ടിൽ ലോകത്ത് അറബിയടക്കം വിരലിലെണ്ണാവുന്ന ഭാഷകൾ മാത്രമാണ് നിലവിലുണ്ടായിരുന്നത്. പിന്നീട് കാലം ചെല്ലുന്തോറും പുതിയ ഭാഷകൾ പിറവിയെടുത്ത് ഇരുപത്തൊന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും ലോകത്ത് ഏഴായിരത്തോളം ഭഷകളുണ്ടായിത്തീർന്നു. ഇന്ന് ലോകത്ത് നിലവിലുള്ള ആയിരക്കണക്കിന് ഭാഷകളിൽ ആറു ഭാഷകൾ മാത്രമാണ് ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ചിട്ടുള്ളത്.

ലോകത്തുള്ള എല്ലാ വിദ്യകളും കേന്ദ്രീകരിക്കുന്നത് അല്ലാഹുവിന്റെ സൃഷ്ടിയായ പ്രപഞ്ചത്തെക്കുറിച്ചോ, അതിലെ ജീവജാലങ്ങളെക്കുറിച്ചോ, മൂലകങ്ങളെക്കുറിച്ചോ, സസ്യങ്ങളെക്കുറിച്ചോ ആയിരിക്കും. എന്നാൽ ദൈവ വചനമായ ക്വുർആനും അവന്റെ ദിവ്യ ബോധനമായ ഹദീസുകളും പഠിക്കാൻ അവസരം ലഭിക്കുന്നത് അറബി ഭാഷ പഠിച്ചവർക്ക് മാത്രമാണ്. ലോകോത്തരമായ ജോലി സാധ്യതകളെക്കുറിച്ച് താരതമ്യം ചെയ്യുകയാണെങ്കിൽ ഈ സാധ്യതയും ആത്മീയനേട്ടവും ഒരിക്കലും വിലമതിക്കാനാവാത്തതാണ്.

അറബി ഭാഷയുടെ ജോലി സാധ്യത പരിശോധിക്കുകയാണെങ്കിൽ ഇതര ഭാഷകൾക്കുള്ളതുപോലെ പ്രൈമറിതലം മുതൽ സർവകലാശാലവരെയുള്ള എല്ലാ തലത്തിലും അധ്യാപക ജോലിക്ക് സാധ്യതയുണ്ട്. അതിനുപുറമെ സൈന്യത്തിൽ മതാധ്യാപകരാകാനുള്ള അവസരങ്ങളും അറബി ബിരുദം നേടിയവർ ക്കുണ്ട്. ഇന്ത്യയിലെ വിവിധ അറബ് രാജ്യങ്ങളുടെ എംബസികളിലും അറബി അറിയുന്നവർക്ക് വിവർത്തകരായി ജോലിചെയ്യാൻ അവസരങ്ങളുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും പ്രതിഭകൾ മാറ്റുരക്കുന്ന ഈ മേഖലയിൽ മലയാളികളും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

**അറബി ഭാഷയുടെ ജോലിസാധ്യത പരിശോധിക്കുകയാണെങ്കിൽ ഇതര ഭാഷകൾക്കുള്ളതുപോലെ പ്രൈമറിതലം മുതൽ സർവകലാശാലവരെയുള്ള എല്ലാ തലത്തിലും അധ്യാപക ജോലിക്ക് സാധ്യതയുണ്ട്. അതിനുപുറമെ സൈന്യത്തിൽ മതാധ്യാപകരാകാനുള്ള അവസരങ്ങളും അറബി ബിരുദം നേടിയവർ ക്കുണ്ട്. ഇന്ത്യയിലെ വിവിധ അറബ് രാജ്യങ്ങളുടെ എംബസികളിലും അറബി അറിയുന്നവർക്ക് വിവർത്തകരായി ജോലിചെയ്യാൻ അവസരങ്ങളുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും പ്രതിഭകൾ മാറ്റുരക്കുന്ന ഈ മേഖലയിൽ മലയാളികളും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്**

അറബിയും ഇതര ഭാഷകളും അറിയുന്നവർക്ക് അറബ് രാജ്യങ്ങളിലുള്ള ജോലി സാധ്യതകൾ എണ്ണിക്കണക്കാക്കാൻ പറ്റാത്തതാണ്. അവയിൽ ഒന്ന് അവിടങ്ങളിലെ കോടതികളാണ്. വിദേശികളായ പ്രതികൾക്ക് പറയാനുള്ളത് ജഡ്ജിയിലെത്തുന്നത് ഈ വിവർത്തകരിലൂടെയാണ്. യുഎയിലെ നാല് കോടതികളിൽ ഒരേസമയം കേരളത്തിലെ അറബിക്കോളേജുകളിൽ പഠിച്ചവർ വിവർത്തകരായി ജോലി ചെയ്തിരുന്നു. ഇവരിൽ ചിലർ മലയാളികളുടെ മാത്രമല്ല, ഉറുദു സംസാരിക്കുന്നവരുടെയും ന്യായവാദങ്ങൾ പരിഭാഷപ്പെടുത്തിയിരുന്നു. കോടതി വിധി പ്രസ്താവന വ്യാകരണപ്പിശകില്ലാതെ തയ്യാറാക്കാനും ഇവരെ ഏൽപിച്ചിരുന്നു എന്നതുകൂടി ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

ഗൾഫിലെ ഒട്ടുമിക്ക കമ്പനികളിലും പിആർഒകളായും മാനേജർമാരായും കേരളത്തിൽനിന്ന് അറബി ബിരുദം നേടി പോയവർ ജോലി ചെയ്യുന്നുണ്ട്. അഡ്മിനിസ്ട്രേഷൻ പാടവവും അറബി പരിജ്ഞാന വുമാണ് അവർക്ക് കൈമുതലായിട്ടുള്ളത്. അതുപോലെ അറബ് രാജ്യങ്ങളിലെ ഭരണാധികാരികൾ, മന്ത്രിമാർ, നേതാക്കൾ തുടങ്ങിയ പ്രമുഖ വ്യക്തികളുടെ പിഎമാരും സെക്രട്ടറിമാരുമാകാൻ അറബി അറിയുന്നവർക്ക് അവസരമുണ്ട്. ഇത് കേവലം സാധ്യത മാത്രമല്ല, എന്റെ അറിവിൽപെട്ട ഒട്ടേറെ ആളുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. യുഎഇയിലെ ഒരു ശൈഖിന്റെ പിഎ ആയി ജോലി ചെയ്യുന്ന, എന്റെ ഒരു ശിഷ്യനായിരുന്ന വ്യക്തിക്ക് അമ്പതോളം രാജ്യങ്ങളിലെ വിസയുണ്ട്. ഈ രാജ്യങ്ങളിലെല്ലാമുള്ള ശൈഖിന്റെ യാത്രക്ക് അവനാണ് ചുക്കാൻ പിടിക്കുന്നത്. പഠനകാലത്ത് ഏറെ

പിന്നാക്കമായിരുന്ന പല കുട്ടികളും പിൽകാലത്ത് അവിശ്വസനീയമായ സ്ഥാനങ്ങളിൽ എത്തിപ്പെട്ടതായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. അറബി പഠിക്കുന്നവർക്ക് ലഭിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹം എന്നല്ലാതെ എനിക്ക് ഇതിന് ഒരു വിശദീകരണം കണ്ടെത്താൻ പറ്റിയിട്ടില്ല.

അറബി-ഇംഗ്ലീഷ് വിവർത്തന പരിജ്ഞാനമുള്ളവർക്ക് ചെറുതും വലുതുമായ നിരവധി അവസരങ്ങളുണ്ട്. ചെറിയ ടൈപ്പിംഗ് സെന്ററിൽ മുതൽ വലിയ പത്രസ്ഥാപനങ്ങളിൽ പോലും അവസരമുണ്ട്. ഇത്തരക്കാർക്ക് ഇടം ലഭിക്കാത്ത കമ്പനികളും അപൂർവമാണ്. അറബ് രാജ്യങ്ങളിൽ പ്രചാരമുള്ള മലയാള പത്രങ്ങളിലേക്ക് അറബ് വാർത്തകൾ വിവർത്തനം ചെയ്യുന്ന ജോലിയും പലർക്കും ലഭിക്കാറുണ്ട്. അറബിയും ഇംഗ്ലീഷും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള ഒരു വ്യക്തിക്ക് അറബ് രാജ്യത്ത് മെച്ചപ്പെട്ട ജോലി ലഭിക്കുമെന്നതിന് അനവധി ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും.

അറബ് രാജ്യങ്ങളിലെ മത കാര്യാലയങ്ങളിൽ ജോലി ലഭിക്കാനും അറബി ഭാഷാപഠനം സഹായകമാണ്. ജോലി എന്നതിലുപരി മതപ്രബോധന രംഗത്ത് മഹത്തായ സംഭാവനകൾ നൽകാനും പ്രസ്തുത ജോലിയിലൂടെ സാധ്യമാകും.


അറബി അറിയുന്നവർക്ക് ജോലി ചെയ്യാൻ ഗൾഫ് രാജ്യങ്ങളിൽ പോകണം എന്ന് നിർബന്ധമില്ല. നമ്മുടെ നാട്ടിൽ നിന്നുകൊണ്ടു തന്നെ പല ജോലികളും ചെയ്യാൻ കഴിയും. ഐ.ടി മേഖല പുതിയ തൊഴിലവസരങ്ങളുടെ ഒരു ഭൂമികതന്നെ നമുക്ക് മുന്നിൽ തുറന്നിട്ടുണ്ട്. അറബി അറിയുന്നവർക്ക് ഈ രംഗത്തും അനവധി അവസരങ്ങളുണ്ട്. സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കുമ്പോൾ അവയുടെ മാർഗ നിർദേശങ്ങൾ പ്രമുഖ ഭാഷകളിലേക്ക് എന്നപോലെ അറബിയിലേക്കും വിവർത്തനം ചെയ്യേണ്ടിവരും. സോഫ്റ്റ്വെയർ കമ്പനികളുമായി സഹകരിച്ച് പാർട്ട് ടൈമായി ഇത്തരം ജോലി ചെയ്യുന്നവരുണ്ട്. വെബ് പേജുകൾ പരിഭാഷപ്പെടുത്തുന്ന ജോലിയാണ് ഐടി രംഗത്തെ മറ്റൊരു സാധ്യത. ഓരോ നിമിഷവും ആഗോള വലയിൽ പുതിയ കണ്ണികൾ ചേർക്കപ്പെടുകയാണ്. മിക്കവാറും സൈറ്റുകളും അറബി പേജുകൾ ഉൾകൊള്ളുന്നതാണ്. ഈ രംഗത്തും അറബി അറിയുന്നവരെ ആവശ്യമുണ്ട്. ഇന്ത്യൻ നിർമിതമായ പല വസ്തുക്കളും ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റി അയക്കപ്പെടുന്നുണ്ട്. അവിടങ്ങളിൽ അവയുടെ ഇറക്കുമതി അനുവദിക്കണമെങ്കിൽ പ്രോഡക്ടിന്റെ വിശദാംശങ്ങൾ അറബിയിൽതന്നെ നൽകേണ്ടതുണ്ട്. ഇതും ആഗോളവത്ക്കരണത്തിന്റെ ഫലമായുണ്ടായ ഒരു തൊഴിലവസരമാണ്.

**ഐ.ടി മേഖല പുതിയ തൊഴിലവസരങ്ങളുടെ ഒരു ഭൂമികതന്നെ നമുക്ക് മുന്നിൽ തുറന്നിട്ടുണ്ട്. അറബി അറിയുന്നവർക്ക് ഈ രംഗത്തും അനവധി അവസരങ്ങളുണ്ട്. സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കുമ്പോൾ അവയുടെ മാർഗ നിർദേശങ്ങൾ പ്രമുഖ ഭാഷകളിലേക്ക് എന്നപോലെ അറബിയിലേക്കും വിവർത്തനം ചെയ്യേണ്ടിവരും.**

വിനോദസഞ്ചാര രംഗത്തും അറബി അറിയുന്നവർക്ക് അതിന്റേതായ അവസരങ്ങളുണ്ട്. കേരളത്തിലേക്ക് അറബ് നാടുകളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണം ഇപ്പോൾ വർധിച്ചുവന്നിട്ടുണ്ട്. പ്രകൃതി സൗന്ദര്യം കാണുന്നതോടൊപ്പം ആരോഗ്യരംഗത്ത് അനുഭവിക്കുന്ന ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻകൂടിയാണ് അവർ വരുന്നത്. കേരളത്തിലെ എല്ലാ ആയുർവേദ ചികിത്സ സെന്ററുകളിലും ഒരു അറബിയെങ്കിലും എപ്പോഴും ഉണ്ടാകാറുണ്ട്. ഓപ്പറേഷനുകൾക്ക് വിദേശത്ത് ചെലവ് കൂടുതലായതുകൊണ്ട് മിക്ക മോഡേൺ മെഡിസിൻ ഹോസ്പിറ്റലുകളിലും അറബികൾ എത്തുന്നുണ്ട്. കണ്ണാശുപത്രികളിലും ദന്തൽ ക്ലിനിക്കുകളിലും അവരുടെ സാന്നിധ്യം ഒട്ടും കുറവല്ല. പല ടൂർ ഓപ്പറേറ്റർമാരും മെഡിക്കൽ ടൂറിസം എന്ന ഒരു പാക്കേജ് തന്നെ നടപ്പിലാക്കുന്നുണ്ട്. ടൂറിസ്റ്റ് ഗൈഡുകൾ, ഡ്രൈവർമാർ, മെഡിക്കൽ ട്രാൻസലേറ്റർമാർ തുടങ്ങി, അറബി അറിയുന്ന കുറെ ആളുകളെ ഈ രംഗത്ത് ആവശ്യമുണ്ട്.

ഓൺലൈൻ ട്രാൻസലേഷനാണ് ഇപ്പോൾ അറബി അറിയുന്നവർക്ക് ലഭിക്കുന്ന ഒരു തൊഴിലവസരം. കന്നിക്കാരായ ആളുകൾക്ക് ഇതിൽ അവസരം കുറവാണ്. കാരണം മിക്ക കമ്പനികളും എക്സ്പീരിയൻസ് ചോദിക്കാറുണ്ട്. ആഗോളതലത്തിൽ കഴിവ് മാറ്റുരക്കുന്ന ഒരു വേദിയായതുകൊണ്ട് കൃത്യവും കണിശവും സൂക്ഷ്മവും കാര്യക്ഷമവുമായി ജോലി ചെയ്യുന്നവർക്ക് മാത്രമെ ഈ രംഗത്ത് ഇടിച്ചുകയറാൻ സാധിക്കുകയുള്ളൂ. അനേകം തട്ടിപ്പുകൾ അരങ്ങേറുന്ന ഒരു രംഗം കൂടിയാണിത്. അപേക്ഷയോടൊപ്പം അഡ്വാൻസ് ഫീസ് നൽകാൻ ആവശ്യപ്പെടുന്നതാണ് അതിലൊന്ന്. ഓൺലൈൻ ചതിക്കുഴികളും മുൾപടർപ്പുകളും വകഞ്ഞു മാറ്റുകയാണെങ്കിൽ ഓൺലൈൻ ട്രാൻസലേഷൻ സുരക്ഷിതമായ ഒരു വരുമാന മാർഗമാണ്.

ആധുനിക അറബിഭാഷയിൽ ആനുകാലിക വിഷയങ്ങൾ അപഗ്രഥിച്ച് ലേഖനങ്ങൾ എഴുതാൻ കഴിയുന്നവർക്ക് അറബി ആനുകാലികങ്ങളിൽ എഴുതിയാൽ നല്ല പ്രതിഫലം ലഭിക്കും. നന്നായി എഴുതാൻ കഴിയുന്നവർക്ക് പത്രപ്രവർത്തന രംഗത്തും സാധ്യതകളുണ്ട്. ■



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 43

# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 10

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

**എസെൻഷ്യൽ; വിവിധ കോടതിവിധികളിൽ**

എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസിന്റെ പരിധിയെക്കുറിച്ചാണ് ജസ്റ്റിസ് ഗുപ്ത പറഞ്ഞുവന്നത്. ഉപേക്ഷിച്ചാൽ മതത്തിൽനിന്ന് പുറത്തുപോവുന്ന കാര്യങ്ങൾക്ക് മാത്രമാണ് എസെൻഷ്യൽ എന്ന് പറയുക എന്നും ശിരോവസ്ത്രം ഉപേക്ഷിച്ചാൽ ഇസ്‌ലാമിൽനിന്ന് പുറത്തുപോകുമെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല എന്നുമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അതിനാൽ പൊതുവിദ്യാലയങ്ങൾ പോലെയുള്ള യോഗ്യതയുള്ള ഇടങ്ങളിൽ (Qualified Places) എസെൻഷ്യൽ അല്ലാത്ത കാര്യങ്ങൾക്ക് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് പ്രശ്നമൊന്നുമില്ല എന്നും കർണാടക സർക്കാരിന്റെ ശിരോവസ്ത്ര നിരോധനം അതുകൊണ്ടുതന്നെ ശരിയായ നടപടിയാണ് എന്നുമാണ് ഗുപ്ത പറഞ്ഞുവെച്ചത്. തുടർന്നുകൊണ്ട് വിവിധ കോടതികളിൽനിന്നും എസെൻഷ്യൽ കാര്യങ്ങളിൽ വന്ന കോടതി വിധികളിലേക്കാണ് സഞ്ചരിച്ചത്.

ശിരൂർ മഠം, രതിലാൽ പനചന്ദ്, അജ്മീർ ദർഗ, വെങ്കട്ടരമണ ദേവർ, ടിക്കായത് ഗോവിന്ദലാൽജി, ആചാര്യ ജഗദീശ്വരാനന്ദ, ശബരിമല, ബിജോയ് ഇമ്മാനുവൽ തുടങ്ങി നിരവധി കേസുകളുടെ വിധികളിൽ വന്നിട്ടുള്ള ചില പരാമർശങ്ങളാണ് ഹേമന്ദ് ഗുപ്ത ഉദ്ധരിക്കുന്നത്. ഈ കേസ് വിധികൾ നേരത്തെ പെൺകുട്ടികൾക്കു വേണ്ടി ഹാജരായ അഭിഭാഷകർ ഉദ്ധരിച്ചതാണ്. മതത്തിൽ അനിവാര്യം, അനിവാര്യമല്ലാത്തത് തുടങ്ങിയ വേർതിരിവുകൾക്ക് പ്രസക്തിയില്ല എന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയായിരുന്നു അവർ അത് ഉദ്ധരിച്ചത്. ഒരു മതത്തിന്റെ തത്ത്വസംഹിതകൾ മാത്രം ആധാരമാക്കിയാണ് ഒരു ആചാരം ആ മതത്തിന്റെ അനിവാര്യമായ ഭാഗമാണോ എന്നു കണ്ടെത്തേണ്ടത് എന്ന സുപ്രീംകോടതിയുടെ നിരീക്ഷണം അഭിഭാഷകർ വ്യക്തമാക്കിയിരുന്നു. ഈ കാര്യങ്ങളിൽ കോടതികൾക്ക് ഇടപെടുന്നതിന് പരിധിയുണ്ടെന്നും മതവിഷയങ്ങളിലെ അനിവാര്യമായതും അനിവാര്യമല്ലാത്തതും കോടതികൾക്ക് നിശ്ചയിക്കാൻ സാധിക്കുന്ന കാര്യങ്ങൾ അല്ലെന്നും ഈ വിധികളുടെ വരികളിൽ തന്നെ കാണാവുന്നതാണ് എന്നും അവർ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ അതൊന്നും മുഖവില

ക്കെടുക്കാതെ ശിരോവസ്ത്ര സ്വാതന്ത്ര്യവുമായി ഒട്ടും ബന്ധമില്ലാത്ത കുറെ കാര്യങ്ങൾ അദ്ദേഹം ദീർഘിച്ച് ഉപന്യസിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ വ്യാഖ്യാനം താഴെ നൽകുന്നു:

**മതസ്ഥലവും പൊതുസ്ഥലവും മതവേഷവും**

'ആരാധനാലയങ്ങൾ കൈകാര്യം ചെയ്യാനുള്ള അവകാശം, വ്യക്തിഗത ആരാധനാലയങ്ങളുടെ അവകാശം, മതാചാരങ്ങളുടെ പേരിൽ വ്യക്തികളുടെ മൗലികാവകാശങ്ങൾ വെട്ടിക്കുറയ്ക്കൽ എന്നിവയുമായി മാത്രം ബന്ധപ്പെട്ടതാണ് മുകളിൽ പറഞ്ഞ കേസുകളിൽ പറയപ്പെട്ട എസെൻഷ്യൽ ആചാരങ്ങൾ. അതായത് തീർത്ഥം മതപരിസരങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നർഥം. പൊതുസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതല്ല, മതസ്ഥാപനങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ്. ഇവിടെ പെൺകുട്ടികൾ ആവശ്യപ്പെടുന്നത് പൊതുസ്ഥലത്ത് ശിരോവസ്ത്രം ധരിക്കാനുള്ള അവകാശമാണ്. അതൊരു പൊതു അവകാശമായിട്ടല്ല, മറിച്ച് മതവുമായി ബന്ധിപ്പിച്ചുകൊണ്ടാണ് അവർ ആവശ്യപ്പെടുന്നത്. ഇത് ഒട്ടും പ്രോത്സാഹിപ്പിക്കപ്പെട്ടുകൂടാ. ജാതി, മതം, ലിംഗം, ജന്മസ്ഥലം എന്നിവ പരിഗണിക്കാതെ എല്ലാ പൗരന്മാരെയും തുല്യമായി പരിഗണിക്കുക എന്നതാണ് ഭരണഘടന മുമ്പോട്ടുവെക്കുന്ന സമത്വം. മതവിശ്വാസത്തിന്റെ പേരിൽ ഭരണഘടന മുന്നോട്ടുവെക്കുന്ന സമത്വം എന്ന ആശയത്തെ ലംഘിച്ചുകൊണ്ട് ഒരു ഭരണകൂടത്തിനും പ്രവർത്തിക്കാനാവില്ല.'

വിശദീകരണം: മതസ്ഥാപനങ്ങളിൽ മാത്രമാണ് മതവേഷവും മതാചാരവും ആരാധനകളും എന്ന ഹേമന്ദ് ഗുപ്തയുടെ വ്യാഖ്യാനം അതീവ ഗുരുതരമാണ്. ഇപ്പോൾ സ്കൂളുകളിൽ കൊണ്ടുവന്ന നിയന്ത്രണം അങ്ങാടികളിലേക്കും പൊതുവാഹനങ്ങളിലേക്കും എല്ലാ പൊതുയിടങ്ങളിലേക്കും വ്യാപിപ്പിക്കാൻ മാത്രമാണ് ഈ വ്യാഖ്യാനം ഉപകരിക്കുക. ഒരു വ്യക്തിയുടെ മതം അടക്കമുള്ള മൗലികാവകാശങ്ങളിന്മേൽ അനിയന്ത്രിതമായ അധികാരങ്ങൾ ഭരണകൂടത്തിന് നൽകുന്ന ഒട്ടും അവധാനതയില്ലാത്ത വ്യാഖ്യാനമാണിത്. ഒരാൾ കുരിശു ധരിക്കുന്നതും പൊട്ടുതൊടുന്നതും കാഷായവസ്ത്രം ധരിക്കുന്നതും തൊപ്പിയും തലപ്പാവും ധരിക്കുന്നതും താടിവളർത്തുന്നതുമെല്ലാം മതത്തിന്റെ പേരിലാണെങ്കിലും അതൊന്നും പൊതുയിടങ്ങളിൽ അനുവദിക്കാൻ സാധിക്കില്ല എന്നല്ലേ ഈ വ്യാഖ്യാനം കൊണ്ടെത്തിക്കുക? ഭരണഘടന നൽകിയിട്ടുള്ള ഉപാധികൾ പാലിച്ചുകൊണ്ട് ഏതൊരാൾക്കും എവിടെയും അയാളുടെ മതപരമായ വേഷമണിയാൻ ഭരണഘടന അവകാശം നൽകിയിട്ടുണ്ട് എന്നിരിക്കെ അതിനെ റദ്ദ് ചെയ്യാൻ ഇങ്ങനെയുള്ള വ്യാഖ്യാനങ്ങൾ മതിയാവില്ല.

**നിയന്ത്രണം ഭരണഘടനാനുസൃതം**

ഹേമന്ദ് ഗുപ്ത തുടരുന്നു: 'അനുച്ഛേദം 25 മതസ്വാതന്ത്ര്യം അവകാശമായി പറയുന്നുണ്ടെങ്കിലും 5(2)(a),(b) എന്നിവ അതിനുള്ള നിയന്ത്രണങ്ങൾ വെക്കുന്നുണ്ട്. 25(2)(a) മതപരമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. 25(2)(b) സാമൂഹികക്ഷേമം, പരിഷ്കരണം എന്നിവയ്ക്ക് മതസ്വാതന്ത്ര്യം എന്ന അവകാശത്തെക്കാൾ പ്രാമുഖ്യം നൽകുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, മതവുമായി ബന്ധപ്പെട്ട രാഷ്ട്രീയ, സാമ്പത്തിക വശങ്ങൾ നിയന്ത്രിക്കാൻ ഭരണകൂടം ആഗ്രഹിക്കുന്നുവെങ്കിൽ, മൗലികാവകാശത്തെക്കാൾ ഭരണകൂടം ഉദ്ദേശിക്കുന്ന നിയന്ത്രണ നിയമങ്ങൾക്കായിരിക്കും മുൻഗണന. അതുപോലെ, ഒരു പ്രത്യേക ആചാരമോ വിശ്വാസമോ സാമൂഹിക ക്ഷേമത്തിനും പരിഷ്കരണത്തിനും വിധേയമാണെന്ന് കണ്ടെത്തിയാൽ, പ്രസ്തുത മതാചാരങ്ങളെ മാറ്റിവെക്കേണ്ടിവരും. മതവിശ്വാസം, ആചാരം എന്നിവയ്ക്ക് മേലുള്ള അവകാശങ്ങൾ പോസിറ്റിവ് ആയ കാര്യങ്ങളിലാണെങ്കിൽ ഭരണകൂടത്തിന് അത് വെട്ടിക്കുറയ്ക്കാൻ അവകാശമുണ്ടാവില്ല.'

വിശദീകരണം: മതവിശ്വാസം, ആചാരം എന്നിവ അവകാശമായി അനുച്ഛേദം 25ലൂടെ നൽകിയിട്ടുണ്ടെങ്കിലും അത് ഏതുവിധേനയും നിയന്ത്രിക്കാനും നിരോധിക്കാനും സർക്കാരിന് അവകാശമുണ്ട് എന്നാണ് ഇവിടെ ഹേമന്ദ് ഗുപ്ത സമർഥിക്കാൻ ശ്രമിക്കുന്നത്. അതിന് അദ്ദേഹം പറയുന്ന കാരണം മതമല്ല, മറിച്ച് സാമൂഹിക പുരോഗതിയും പരിഷ്കരണവുമാണ് പ്രധാനം എന്നാണ്. 25(2)(a) പറയുന്നത് 'മതാചരണത്തോട് ബന്ധപ്പെടുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ പ്രവർത്തനങ്ങളെ സർക്കാരിന് നിയന്ത്രിക്കാവുന്നതാണ്' എന്നാണ്. ഇതിൽ ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാവുന്നതാണെന്ന് പറയുന്നില്ല.

സാമൂഹികമായ പ്രശ്നങ്ങളുണ്ടാക്കിയേക്കാവുന്ന കാര്യങ്ങളിൽ മാത്രമാണ് സർക്കാരിന് നിയന്ത്രണം കൊണ്ടുവരാൻ സാധിക്കുക. അതും പൂർണമായ നിരോധനമല്ല. 25(2)(b)യിലാവട്ടെ ഹൈന്ദവ മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. 'സാമൂഹിക പുരോഗതി, പരിഷ്കരണം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഹൈന്ദവ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സ്ഥാപനങ്ങൾ തുറന്നുകൊണ്ടുക്കാൻ' സർക്കാറിന് അധികാരമുണ്ട്.

കേസുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണിത്. ശിരോവസ്ത്രമോ മുസ്‌ലിംകളുടെ ഇതര വേഷമോ സാമൂഹികപുരോഗതിക്കോ പരിഷ്കരണത്തിനോ തടസ്സമല്ല. ഇനി, സാമൂഹികപുരോഗതി ലക്ഷ്യമിട്ടുകൊണ്ടാണെങ്കിൽ പോലും ഒരു വ്യക്തിയുടെയും മൗലികാവകാശത്തെക്കാൾ വലുതല്ല അതൊന്നും എന്ന കാര്യം ഭരണഘടനതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

*(തുടരും)*



# ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

05

അബൂ ഫർഹാൻ ബിൻ യൂസുഫ്, കോട്ടക്കൽ

അബ്ദുല്ലാഹിബ്നു അഹ്മദ് ഹമ്പലിനെ തള്ളിയാൽ മുസ്നദ് അഹ്മദും തള്ളേണ്ടിവരും. ശൈഖ് ജീലാനി വിവരിക്കുന്നത് ജീലാനിയുടെ മാത്രം അക്വീദയായിട്ടല്ല, തന്റെ പൂർവികരായ, ഇമാമു അഹ്‌ലുസ്സുന്ന എന്ന് എല്ലാവരും വിളിക്കുന്ന അഹ്മദുബ്നു ഹമ്പലിന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയുംകൂടി സ്ഥിരപ്പെട്ട അഭിപ്രായമായിട്ടാണ്. അല്ലാഹുവിനെ ശരിക്കും പഠിച്ചറിഞ്ഞ ശൈഖ് ജീലാനിയും ശിഷ്യൻമാരും ഇമാം അഹ്മദിന്റെ അക്വീദ അല്ലാഹു മുകളിലാണെന്നും അവന്റെ വിശേഷണങ്ങൾ അക്ഷരാർഥത്തിലുള്ളതാണെന്നും അവന്റെ വചനത്തിനു ശബ്ദവും അക്ഷരങ്ങളുമുണ്ടെന്നും പറയുമ്പോൾ പിന്നെ, അതല്ല എന്നു പറയുന്നവർ തങ്ങൾക്ക് ജീലാനിയെ തിരുത്താനുള്ള അറിവുണ്ടെന്നും അദ്ദേഹം അല്ലാഹുവിനെ ശരിക്കും മനസ്സിലാക്കിയിട്ടില്ലെന്നും പറയുകയല്ലേ ചെയ്യുന്നത്? ജീലാനി പരിചയപ്പെടുത്തുന്ന ഹമ്പലി വിശ്വാസം അശ്അരികൾക്കുണ്ടോ എന്നതാണ് തർക്കം. അശ്അരികൾക്ക് മേൽപറഞ്ഞ അക്വീദയില്ലെങ്കിലോ അശ്അരികളാരും വലിയ്യാകില്ലെന്നും വരും.

ഇതോടുകൂടി സമസ്തക്കാർ പൊടിപ്പും തൊങ്ങലും ചാർത്തി കെട്ടിയുയർത്തിയ എല്ലാ ബറേൽവി ജാറവലിയ്യുകളും വലിയ്യുകളല്ല എന്നു വ്യക്തമായി. ഒരാളുടെ ജാറവും കെട്ടിയുയർത്താൻ പാടില്ല എന്നു പറഞ്ഞ ജീലാനിതന്നെ ഒരു അശ്അരിയും വലിയ്യല്ലെന്നും പറഞ്ഞതോടുകൂടി അമ്പിയാ, ഔലിയാക്കളുടെ ക്വബ്ർ കെട്ടിപ്പൊക്കാമെന്ന സമസ്തയുടെ ദുഷിച്ച ജാറവ്യവസായ ചിന്താഗതിക്കും നിലനിൽപില്ലാതായി.

ഇന്ത്യൻ ബറേൽവികളുടെ അഭിമാനവും അവർക്ക് ക്വുതുബ് മുദബ്ബിറുൽ ആലമുമായ അജ്മീർ കാജയുടെയും, മുദബ്ബിറുൽ ആലം പദവി റിസർവേഷനിലൂടെ കരസ്ഥമാക്കിയ മലപ്പുറത്തിന്റെ മമ്പുറം തങ്ങളുടെയും, പെൻഷൻ പറ്റിയിട്ടും മുദബ്ബിറൂൽ ആലം പണി ചെയ്യുന്ന കേരള ബറേൽവികളുടെ ഓമന പുത്രനായ സി.എം മടവൂരിന്റെയും, ഇവരുടെ താഴെ വരുന്ന ചില ഉടുക്കാത്ത ഔലിയാക്കളുടെയും കാര്യം അബ്ദുൽ ക്വാദിർ ജീലാനി ശരിക്കും തീർത്തു! ഇടയ്ക്കിടക്ക് 'അല്ലാഹുവിന്റെ റസൂലിനെ നേരിൽ കണ്ട്' റസൂലിന്റെ 'ക്ലോസ് ഫ്രണ്ടായി' മാറിയ കുണ്ടൂരിന്റെയും അദ്ദേഹത്തിന് 'റസൂലുല്ലാഹി നേരിൽ പരിചയപ്പെടുത്തിക്കൊടുത്ത' കാന്തപുരത്തിന്റെയും കാര്യം പറയേണ്ടതില്ലല്ലോ!

അശ്അരികൾ വലിയ്യായിട്ടില്ല, ആവുകയുമില്ല എന്ന ജീലാനിയുടെ


പ്രയോഗംമൂലം സമസ്തക്കാർക്ക് ഔലിയാക്കളെ നഷ്ടപ്പെട്ടു എന്നു മാത്രമല്ല, അദ്ദേഹം കിതാബുൽ ഗുൻയഃയിൽ പറഞ്ഞ സലഫി അക്വീദ സ്ഥിരപ്പെടുകയും, അതിൽ കടത്തിക്കൂട്ടൽ നടന്നുവെന്ന ബറേൽവി-അശ്അരി വാദം ജലരേഖയായി മാറുകയും ചെയ്തു. കിതാബുൽ ഗുൻയഃയിൽ കടത്തിക്കൂട്ടൽ നടന്നുവെന്നാരോപിക്കുന്ന ഹൈതമിക്കും കൂട്ടർക്കും ഔലിയാക്കളെ മനസ്സിലായില്ലെന്നും ഇതിലൂടെ വ്യക്തമായി.

ജീലാനിയുടെ പേരിൽ പൊടിപ്പും തൊങ്ങലും വെച്ച് ഉള്ളതും ഇല്ലാത്തതും തട്ടിവിട്ട മുഹ്‌യിദ്ദീൻ മാലക്കാരനും, അദ്ദേഹത്തിന്റെ പേരിൽ ക്വുതുബിയ്യത്തുണ്ടാക്കിയ; കുതിരപ്പട്ടാണി എന്ന് ഇ.കെ.അബൂബക്കർ മുസ്‌ലിയാർ വിമർശിച്ചു വിളിച്ച സ്വദക്വത്തുല്ലാഹിൽ കാഹിരിയും, പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാരും മറ്റു ക്വുതുബിയ്യത്ത് വീരൻമാരും ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയെ സംബന്ധിച്ചിടത്തോളം വഴിപിഴച്ചവരും പിഴപ്പക്കുന്നവരും കൂടിയാണ്. ഇപ്പറഞ്ഞവർക്കെല്ലാം ജീലാനി അല്ലാഹുവിനു കണ്ണും വിരലും വൈകല്യമുള്ള രണ്ടു വലതുകൈയുമുള്ള (അവയവവാദിയായ) മുജസ്സിമുമാണ്. മക്കാമുശ്‌രിക്കുകൾ ഇബ്‌റാഹിമീ പാരമ്പര്യം അവകാശപ്പെട്ടതുപോലെ നമ്മുടെ ബറേൽവി-സമസ്ത സുഹൃത്തുക്കളും ജീലാനി പാരമ്പര്യം അവകാശപ്പെടുന്നു എന്നു മാത്രം. രണ്ടും വൈരുധ്യങ്ങളുടെ കലവറ തന്നെ.

*തെളിവ് എട്ട്*

**ശൈഖിന്റെ സ്വന്തം ശിഷ്യൻ മഖ്ദസി**

ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയെപ്പോലെ ഹമ്പലി അക്വീദ വിവരിക്കുന്നതിലും പ്രഖ്യാപിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും മഖ്ദസി ഒരു പിശുക്കും കാണിച്ചിരുന്നില്ല. ശൈഖിന്റെ പാത പിന്തുടർന്ന ശിഷ്യന് തൽഫലമായി അക്കാലത്തെ അശ്അരികളിൽനിന്നും ധാരാളം പീഡനങ്ങളും പ്രയാസങ്ങളും ഏൽക്കേണ്ടിവന്നിട്ടുണ്ട്. പലായനം ചെയ്യേണ്ടിവന്നിട്ടുണ്ട്. പുത്തൻവാദി, മുജസ്സിം, മതനിഷേധി തുടങ്ങിയ ആക്ഷേപങ്ങൾവരെ കേൾക്കേണ്ടിവന്നിട്ടുണ്ട്.




**'മുജ-ജമകൾക്കു' സലാം പറയാൻ പാടില്ലെന്നു പറയുന്ന കേരള സമസ്ത-ബറേൽവി സഹോദരങ്ങൾക്ക്, അവർ 'പുത്തൻവാദി' (മുബ്തദിഅ്) എന്നു മുദ്രകുത്തുന്ന ശൈഖുൽ ഇസ്‌ലാം ഇബ്‌നുതൈമിയ്യ(റഹി)യുടെ ജനാസ നമസ്കാരത്തിനു നേതൃത്വം നൽകിയ ഹാഫിദ്വു മിസ്സി(റഹി) യെയും, സലഫീ അക്വീദയിലേക്ക് ആളുകളെ ക്ഷണിച്ച അബ്ദുൽ ഗനിയ്യുൽ മഖ്ദസി(റഹി)യെയും എങ്ങനെയാണ് സീകരിക്കാൻ പറ്റുക?**

അദ്ദേഹം വലിയ ഹദീസ് പണ്ഡിതനും പ്രസിദ്ധ ഹദീസ് ഗ്രന്ഥമായ 'ഉംദതുൽ അഹ്കാമി'ന്റെ രചയിതാവുമാണ്. അദ്ദേഹത്തിന്റെ 'അൽകമാലു ഫീ അസ്മാഇർ രിജാൽ' എന്ന, സ്വിഹാഹുസ്സിത്തയിലെ പരമ്പര(സനദ്)യിലുള്ള റിപ്പോർട്ടർമാരുടെ ചരിത്രം ഒന്നിച്ചു വിവരിക്കുന്ന ഗ്രന്ഥം ആധികാരികവും ആദ്യത്തെതുമാണ്. ഈ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയാണ് പ്രമുഖ സലഫി അക്വീദക്കാരനും ഹാഫിദ് ഇബ്‌നു കസീറിന്റെ ഭാര്യാപിതാവുമായ ഹാഫിദ്വുൽ മിസ്സി(റഹി) ഹദീസ് റിപ്പോർട്ടർമാരുടെ ചരിത്രം വിവരിക്കുന്ന 'തഹ്ദീബുൽ കമാൽ' എന്ന പ്രമുഖ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഇതിന് രൂപമാറ്റം വരുത്തി എഴുതിയതാണ് ഇബ്‌നു ഹജറുൽ അസ്ക്വലാനി(റഹി)യുടെ 'തഹ്ദീബുത്തഹ്ദീബ്.' ഹദീസ് രംഗത്ത് എല്ലാവരുടെയും അവലംബം അബ്ദുൽ ഗനിയ്യുൽ മഖ്ദസിയാണെന്നും മഖ്ദസിയെ തള്ളിയാൽ ഹദീസുകൾ സീകരിക്കാൻ പ്രയാസം വരുമെന്നും വ്യക്തം.

'മുജ-ജമകൾക്കു' സലാം പറയാൻ പാടില്ലെന്നു പറയുന്ന കേരള സമസ്ത-ബറേൽവി സഹോദരങ്ങൾക്ക്, അവർ 'പുത്തൻവാദി' (മുബ്തദിഅ്) എന്നു മുദ്രകുത്തുന്ന ശൈഖുൽ ഇസ്‌ലാം ഇബ്‌നുതൈമിയ്യ(റഹി)യുടെ ജനാസ നമസ്കാരത്തിനു നേതൃത്വം നൽകിയ ഹാഫിദ്വു മിസ്സി(റഹി)യെയും, സലഫീ അക്വീദയിലേക്ക് ആളുകളെ ക്ഷണിച്ച അബ്ദുൽ ഗനിയ്യുൽ മഖ്ദസി (റഹി)യെയും എങ്ങനെയാണ് സീകരിക്കാൻ പറ്റുക?

തന്റെ മകനായ താജുദ്ദീൻ സുബ്കിയെ, അല്ലാഹു ഉപരിലോകത്താണെന്നു പറഞ്ഞ് ഗ്രന്ഥങ്ങളെഴുതിയ ഹാഫിദ് ദഹബിയുടെ അടുത്തേക്കും സലഫീ അക്വീദക്കാരനായ ഹാഫിദ് മിസ്സിയുടെ അടുത്തേക്കും വിവാദ കാലഘട്ടത്തിൽ പറഞ്ഞയച്ച, ഇബ്‌നു തൈമിയ്യക്കു തർദിയത്തു ചൊല്ലിയ തക്വിയുദ്ദീൻ സുബ്കിയെയും ബറേൽവി സുഹൃത്തുക്കൾക്ക് അവിശ്വസിക്കേണ്ടിവരും. ഇങ്ങനെ എല്ലാവരെയും തള്ളിക്കളയാൻ വിധിക്കപ്പെട്ട ഒരുകൂട്ടം മുക്വല്ലിദുകളുടെ (അന്ധമായി അനുകരിക്കുന്നവരുടെ) മദ്ഹബാണ് സമസ്ത ബറേൽവികളുടെത്. ഏതായാലും, അശ്അരികൾക്കും സൂഫികൾക്കും സമസ്ത ബറേൽവികൾക്കും അവലംബിക്കൽ നിർബന്ധമായ ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയുടെ ശിഷ്യനായ മഖ്ദസിയുടെ അക്വീദ അൽപം വിവരിക്കാം.

*(തുടരും)*



# പ്രവാചകന്മാരെ അവഹേളിക്കുന്നവർ

ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ
: 9497385707

## കഅ്ബിബ്നുൽ അശ്റഫ്

യഹൂദ ഗോത്രങ്ങളായിരുന്ന ബനൂക്വുറൈദ്വ, ബനൂനദ്വീർ എന്നിവയുമായി മുഹമ്മദ് നബി(സ്വ) സമാധാനസഖ്യം പ്രഖ്യാപിച്ചിരുന്നു. പക്ഷേ, വഞ്ചനയും കാപട്യവും മുഖമുദ്രയാക്കിയിരുന്ന അവർ ഖന്ദഖ് യുദ്ധത്തിൽ മുസ്‌ലിംകൾക്കെതിരിൽ ക്വുറൈശികളെ സഹായിച്ചു. അവർക്കെതിരിൽ നബി(സ്വ) നടത്തിയ സൈനിക നടപടിയെപ്പറ്റി സൂറഃ അൽഅഹ്സാബിൽ വിശദമാക്കിയിട്ടുണ്ട്. സമാധാന ഉടമ്പടിയെ ലംഘിച്ചുകൊണ്ട് അവരുടെ നേതാവായ കഅ്ബിബ്നുൽ അശ്റഫ് മുഹമ്മദ് നബി(സ്വ)യെയും വിശ്വാസി സമൂഹത്തെയും അധിക്ഷേപിക്കുകയും അവരെ പരിഹസിച്ചുകൊണ്ട് കവിതകൾ രചിച്ച് വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. മുസ്‌ലിം സമൂഹത്തിനെതിരിൽ ക്വുറൈശികളെ ഇളക്കിവിടുകയും ചെയ്തു. കഅ്ബിബ്നുൽ അശ്റഫിനെക്കൊണ്ട് പൊറുതിമുട്ടിയ നബി(സ്വ) അവസാനം അയാളെ വധിക്കുവാൻ ഏർപ്പാടാക്കി.

ഒരിക്കൽ മുഹമ്മദ് നബി(സ്വ)യെയും ഏതാനും അനുയായികളെയും ഒരു കെട്ടിടത്തിന്റെ പിന്നിൽനിന്നും കൂറ്റൻ പാറക്കല്ലുകൾ ഉരുട്ടിയിട്ട് വധിക്കുവാൻ ശ്രമിച്ച സംഭവം ദിവ്യസന്ദേശത്തിലൂടെ അല്ലാഹു നബിയെ അറിയിച്ചു. അതോടെ മദീന വിട്ട് പലായനം ചെയ്യാനുള്ള മുന്നറിയിപ്പ് യഹൂദർക്ക് ലഭിച്ചു. മദീനവിട്ട് പലായനം ചെയ്യുന്നതിനെക്കാളും നല്ലത് മരണമാണെന്നായിരുന്നു യഹൂദരുടെ പക്ഷം. ഒരിക്കലും നാടുവിട്ട് പോകരുതെന്നും വേണ്ടിവന്നാൽ ഞങ്ങളും നിങ്ങൾക്കൊ

പ്പം വന്നുകൊള്ളാമെന്നും മുസ്‌ലിം സമൂഹത്തിനെതിരിൽ യുദ്ധം ചെയ്യാൻ ഞങ്ങൾ സഹായിക്കാമെന്നും പറഞ്ഞ് കപടവിശ്വാസികൾ (മുനാഫിഖുകൾ) യഹൂദരെ പിന്തുണ അറിയിച്ചു. ഈ വാക്കുകൾ വിശ്വസിച്ച യഹൂദർ അവരുടെ കോട്ടക്കകത്ത് വാതായനങ്ങൾ അടച്ചുപൂട്ടി കാത്തിരുന്നു. 21 ദിവസം തുടർച്ചയായി മുസ്‌ലിംകൾ അവരെ ഉപരോധിച്ചു. മുനാഫിഖുകളുടെ സഹായം അവർക്ക് ലഭിച്ചതുമില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ സന്ധിക്ക് അപേക്ഷിച്ച യഹൂദരോട് നാടുവിട്ടുപോകാൻ നബി(സ്വ) നിർദേശിച്ചു. കഴിയുന്നത്ര സാധന സാമഗ്രികൾ വാരിക്കൂട്ടിക്കൊണ്ടായിരുന്നു അവരുടെ പലായനം. കൂടെ കൊണ്ടുപോകാൻ സാധിക്കാത്ത വസ്തുവകകൾ മുസ്‌ലിംകൾക്ക് ഉപയോഗപ്പെടാതിരിക്കാൻ തീവെച്ച് നശിപ്പിച്ചിട്ടായിരുന്നു അവരുടെ യാത്ര. ഇവരുടെ പലായനത്തെക്കുറിച്ച് ഖുർആനിൽ സൂറത്തുൽ ഹശ്റിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

വിശ്വാസി സമൂഹത്തിനെതിരിൽ ലഭ്യമാകുന്ന ഏത് സന്ദർഭവും പ്രയോജനപ്പെടുത്തുവാൻ യഹൂദർ വ്യഗ്രതപൂണ്ടിരുന്നുവെന്ന് മനസ്സിലാക്കാം. അഭയാർഥികളായി ഏതെങ്കിലും പ്രദേശത്ത് കഴിയുന്ന കാലത്തും തങ്ങൾക്ക് അഭയം നൽകിയ സമൂഹത്തോട് കൂറുപുലർത്താൻ യഹൂദർ ഒരുക്കമായിരുന്നില്ല. അവിടെയും അഭ്യന്തര രഹസ്യങ്ങൾ ചോർത്തി ശത്രുക്കൾക്ക് അവർ കൈമാറി. അഭ്യന്തര കലാപങ്ങളുണ്ടാക്കാനുള്ള അവസരങ്ങൾ ഇവർ ഒട്ടും പാഴാക്കിയില്ല. തലമുറകളായി കൈമാറിവന്ന കപടനയങ്ങൾ പ്രാവർത്തികമാക്കാനുള്ള വ്യഗ്രതയായിരുന്നു ഇവർക്ക്. ചരിത്രത്തിൽ തുടക്കം മുതൽ ഒടുക്കംവരെയും വഞ്ചനയുടെയും ചതിയുടെയും നീണ്ടചുരുളുകൾ നിവർത്താൻ മാത്രമെ യഹൂദർക്ക് കഴിഞ്ഞിട്ടുള്ളൂ. ഖുർആൻ പറയുന്നു: "വേദക്കാരിൽനിന്നും (സത്യനിഷേധികൾക്ക്) പിന്തുണ നൽകിയവരെ അവരുടെ കോട്ടകളിൽനിന്നും ഇറക്കിവിടുകയും അവരുടെ ഹൃദയങ്ങളിൽ അവൻ ഭയം ഇട്ടുകൊടുക്കുകയും ചെയ്തു. അവരിൽ ഒരുവിഭാഗത്തെ നിങ്ങളതാ കൊല്ലുന്നു, ഒരു വിഭാഗത്തെ നിങ്ങൾ തടവിലാക്കുകയും ചെയ്യുന്നു. അവരുടെ ഭൂമിയും വീടുകളും സ്വത്തുക്കളും നിങ്ങൾ (മുമ്പ്) കാലെടുത്തുവെച്ചിട്ടില്ലാത്ത ഒരു പ്രദേശവും നിങ്ങൾക്കവൻ അവകാശപ്പെടുത്തിത്തരികയും ചെയ്തു..." (അഹ്സാബ് 26-27).

## ഖൈബർ

മദീനവാസികളുടെനേരെ പുറത്തുനിന്ന് ആക്രമണമുണ്ടായായാൽ വിശ്വാസികൾക്കൊപ്പം നിന്ന് ശത്രുക്കൾക്കെതിരിൽ പൊരുതാമെന്ന് കരാർ ചെയ്ത മദീനയിലെ ബനൂഖുറൈദ്വ യഹൂദഗോത്രം, സൈനികർ മദീന വളഞ്ഞപ്പോൾ ശത്രുക്കളുടെ ഒറ്റുകാരായി മാറി. മദീനയുടെ വടക്ക്-കിഴക്ക് ഭാഗത്തുള്ള കോട്ടകളിൽ അഭയംതേടിയ ഇവരെ ഏകദേശം 25 ദിവസങ്ങൾ ഉപരോധത്തിലാക്കി. അവസാനം യഹൂദനിയമം അനുശാസിക്കുന്നതനുസരിച്ച് സൈദ്ബിൻ മുആദി(റ)ന്റെ തീരുമാനപ്രകാരം മുതിർന്ന പുരുഷന്മാർ വധിക്കപ്പെടുകയും സ്ത്രീകളും കുട്ടികളും യുദ്ധത്തടവുകാരായി പിടിക്കപ്പെടുകയും ചെയ്തു. മദീന



**വിശ്വാസി സമൂഹത്തിനെതിരിൽ ലഭ്യമാകുന്ന ഏത് സന്ദർഭവും പ്രയോജനപ്പെടുത്തുവാൻ യഹൂദർ വ്യഗ്രതപൂണ്ടിരുന്നുവെന്ന് മനസ്സിലാക്കാം. അഭയാർഥികളായി ഏതെങ്കിലും പ്രദേശത്ത് കഴിയുന്ന കാലത്തും തങ്ങൾക്ക് അഭയം നൽകിയ സമൂഹത്തോട് കൂറുപുലർത്താൻ യഹൂദർ ഒരുക്കമായിരുന്നില്ല. അവിടെയും അഭ്യന്തര രഹസ്യങ്ങൾ ചോർത്തി ശത്രുക്കൾക്ക് അവർ കൈമാറി. അഭ്യന്തര കലാപങ്ങളുണ്ടാക്കാനുള്ള അവസരങ്ങൾ ഇവർ ഒട്ടും പാഴാക്കിയില്ല. തലമുറകളായി കൈമാറിവന്ന കപടനയങ്ങൾ പ്രാവർത്തികമാക്കാനുള്ള വ്യഗ്രതയായിരുന്നു ഇവർക്ക്. ചരിത്രത്തിൽ തുടക്കം മുതൽ ഒടുക്കംവരെയും വഞ്ചനയുടെയും ചതിയുടെയും നീണ്ടചുരുളുകൾ നിവർത്താൻ മാത്രമെ യഹൂദർക്ക് കഴിഞ്ഞിട്ടുള്ളൂ.**

യുടെ വടക്ക്-പടിഞ്ഞാറുഭാഗത്ത് ഖൈബർ എന്ന സ്ഥലത്ത് യഹൂദർക്ക് മൂന്ന് കോട്ടകളായിരുന്നു ഉണ്ടായിരുന്നത്. ഖൈബർ കേന്ദ്രമാക്കിയായിരുന്നു ഇവർ ഇസ്‌ലാമിനെതിരിൽ ഉപജാപങ്ങൾ മെനഞ്ഞതും. ഹിജ്റ ഏഴാംവർഷം നബി(സ്വ) ഖൈബർ കീഴടക്കി.

### എല്ലാ മേഖലകളിലും ശക്തമായ വേരോട്ടം

യഹൂദസമൂഹം അഭയാർഥികളായോ നാടോടികളായോ അധിവസിച്ചിട്ടുള്ള പ്രദേശങ്ങളുടെ ചരിത്രം ഒന്നു വിശകലനം ചെയ്താൽ കേവലം അഭയാർഥികളുടെയോ നാടോടികളുടെയോ ജീവിതചര്യയല്ല ഇവർ സ്വീകരിച്ചിരുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. തങ്ങൾ നിവസിച്ചിട്ടുള്ള പ്രദേശങ്ങളിലെ കൃഷി, വ്യാപാരം, സാമ്പത്തികം തുടങ്ങിയ മുഖ്യമേഖലകളിലെല്ലാം ഇവർ ക്രമേണ പിടിമുറുക്കിയിരുന്നു. സാമ്പത്തികമായി പിന്നാക്കം ഭവിച്ചിരുന്നവർക്ക് സാമ്പത്തിക സഹായങ്ങൾ നൽകുകയും ക്രമേണ താങ്ങാനാവുന്നതിനപ്പുറമുള്ള പലിശ ഈടാക്കുകയും ചെയ്തു.

കടക്കാരന്റെ വ്യാവസായിക-വാണിജ്യ രംഗങ്ങൾ യഹൂദന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടുപോകുന്ന ദുരവസ്ഥയായിരുന്നു ഇതിലൂടെ പ്രകടമായത്. മുസ്‌ലിം സമൂഹത്തിൽ മദ്യത്തിന്റെ വിപണനവും പ്രചാരണവുമുൾപ്പെടെയുള്ള സകലമാന തിന്മകളുടെയും ഏജൻസിയെടുത്തിരുന്നത് യഹൂദരായിരുന്നു.

ഓരോ നാട്ടിലെയും മുഖ്യ വാണിജ്യ-വ്യവസായ രംഗങ്ങളിൽ പിടിമുറുക്കുന്നതിലൂടെ ആ നാട്ടിലെ പ്രമുഖരും പ്രബലരുമായ സാമ്പത്തിക സ്രോതസ്സുകൾ യഹൂദർക്ക് അടിമപ്പെടുന്ന സാഹചര്യം സാധാരണമായി. പലിശ പോലുള്ള അവിഹിത മാർഗങ്ങളിലൂടെ അപരന്റെ സമ്പത്ത് കൈക്കലാക്കുന്ന 'ബ്ലേഡ്' സംവിധാനം ആദ്യമായി നടപ്പിൽ വന്നത് യഹൂദരിലൂടെയാണെന്ന് വ്യക്തമാണ്.

### അവസാനം ദൈവത്തിനെതിരിലും!

മനഃപൂർവം അല്ലാഹുവിനെ എതിർത്തുകൊണ്ടിരുന്ന വിചിത്ര സമൂഹമായിരുന്നു യഹൂദർ. ദൈവ ദൂതനാണെന്ന് അറിഞ്ഞുകൊണ്ടു തന്നെ പ്രവാചകന്മാരെ വധിക്കുകയും, തങ്ങൾ പ്രവാചകന്മാരെ വധിച്ചുവെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു അവർ. യഹൂദരുടെ കുലപതിയായി അവർ വിശേഷിപ്പിക്കുന്ന യാക്കോബ് ഒരു രാത്രി മുഴുവനും അല്ലാഹുവുമായി മൽപ്പിടുത്തം നടത്തിയതായും പ്രഭാതത്തിൽപോലും അല്ലാഹുവിന് യാക്കോബിനെ തോൽപിക്കാൻ സാധിച്ചില്ലെന്നും യഹൂദരുടെ കഥകളിൽ പറയുന്നു. തന്നെ ജീവനോടെ വിടണമെന്ന് പ്രഭാതത്തിൽ ദൈവം യാക്കോബിനോട് കേഴുകയായിരുന്നുവത്രെ! എനിക്ക് അനുഗ്രഹം തരാതെ നിന്നെ വിട്ടയക്കുകയില്ലെന്ന് യാക്കോബും വാശിപിടിച്ചു.

ദൈവം യാക്കോബിനോട് ചോദിച്ചു: "നിന്റെ പേരെന്താണ്?"

"യാക്കോബ്."

ദൈവം: "ഇനി നിന്റെ പേര് യാക്കോബ് എന്നല്ല, ഇസ്രാഈൽ എന്നായിരിക്കും. എന്തുകൊണ്ടെന്നാൽ നീ ദൈവത്തോടും മലക്കുകളോടും ശക്തി പരീക്ഷിച്ച് ജയിച്ചിരിക്കുന്നു."

യഹൂദരുടെ വിശുദ്ധഗ്രന്ഥത്തിന്റെ വിവർത്തനം (The Holy Scriptures)1954ൽ ജവീഷ് പബ്ലിക്കേഷൻ സൊസൈറ്റി ഓഫ് അമേരിക്ക പ്രസിദ്ധീകരിച്ചതിൽ ഈ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ പഴയനിയമം ഉൽപ്പത്തി 32ൽ ഈ സംഭവം വിവരിക്കുന്നതായി കാണാം.

യഹൂദ പരിഭാഷയിൽ അടിക്കുറിപ്പായി ഇസ്രാഈൽ എന്ന പദത്തിന്റെ അർഥം He who strive with God (ദൈവവുമായി ബലപരീക്ഷണം നടത്തിയവൻ) എന്നാണ് കൊടുത്തിരിക്കുന്നത്. എൻസൈക്ലോ പീഡിയ ഓഫ് ബിബ്ലിക് ലിറ്ററേച്ചറിൽ ക്രൈസ്തവ പുരോഹിതന്മാർ ഇസ്രയേലിന് Wrestler with God (ദൈവത്തോട് ദ്വന്ദയുദ്ധം നടത്തിയവൻ) എന്ന് അർഥം കൊടുത്തിരിക്കുന്നു. ബൈബിളിൽ യോശുവാ പുസ്തകത്തിൽ യാക്കോബിനെ ഇങ്ങനെ വർണിക്കുന്നു: "അദ്ദേഹം ബലിഷ്ഠനായിരുന്ന നാളുകളിൽ ദൈവവുമായി മല്ലയുദ്ധം നടത്തി. മാലാഖമാരുമായി മല്ലയുദ്ധം നടത്തി ജയിച്ചു..."(12:4).

ഇസ്രയേലി വിശ്വാസപ്രകാരം ദൈവവുമായി മല്ലയുദ്ധം നടത്തിയവരുടെ മക്കളാണ് ഇസ്രയേല്യർ. അതിനാൽ പ്രവാചകന്മാരെ എതിർക്കുന്നതിലും ദൈവത്തോട് യുദ്ധം പ്രഖ്യാപിക്കുന്നതിലും അവർക്ക് ലവലേശം മടിയില്ലായിരുന്നു. ഞങ്ങൾ ദൈവദൂതനായ മസീഹിബ്‌ൻ മർയമിനെ കൊന്നുകളഞ്ഞുവെന്ന് നിസ്സങ്കോചം പ്രഖ്യാപിക്കുന്നതിൽ അവർക്ക് മടിയില്ലാതിരുന്നതും ഇക്കാരണങ്ങളാലാണ്.

## ലൂത്തി(അ)നെ അവഹേളിക്കാൻ ശ്രമം


പ്രവാചകന്മാരെ അവഹേളിക്കുന്നതിലും അവർക്കെതിരിൽ വ്യഭിചാരക്കുറ്റം ആരോപിക്കുന്നതിലും യഹൂദർ ലവലേശം ലജ്ജിച്ചിരുന്നില്ല. ലൂത്തി(അ)ന്റെ പെൺമക്കൾക്ക് സ്വന്തം പിതാവിൽനിന്നും സന്താനങ്ങൾ ജനിച്ചുവെന്ന മഹാഅപരാധം ചാർത്തൽ ബൈബിൾ പഴയ നിയമത്തിൽ ഇങ്ങനെ വായിക്കാം: “ഒരുദിവസം ലൂത്തിന്റെ മൂത്തപുത്രി ഇളയവളോട് പറഞ്ഞു: ‘ഭൂമിയിലെല്ലായിടത്തും സ്ത്രീ-പുരുഷന്മാർ വിവാഹം കഴിക്കുകയും അവർക്ക് കുടുംബമുണ്ടാവുകയും ചെയ്യുന്നു. പക്ഷേ, നമ്മുടെ അപ്പന് പ്രായമായി. നമുക്ക് കുട്ടികളെ തരാൻ ഈ പ്രദേശത്തെങ്ങും മറ്റ് പുരുഷന്മാരുമില്ല. അതിനാൽ നമുക്ക് നമ്മുടെ പിതാവിനെ വീഞ്ഞുകുടിപ്പിക്കാം. എന്നിട്ട് നമുക്ക് അവനുമായി ഇണചേരാം. അങ്ങനെ നമുക്ക് നമ്മുടെ അപ്പനിലൂടെ നമ്മുടെ കുടുംബം നിലനിർത്താം!’

ആ രാത്രി രണ്ട് പെൺകുട്ടികളും ചേർന്ന് ലൂത്തിനെക്കൊണ്ട് വീഞ്ഞുകുടിപ്പിച്ചു. എന്നിട്ട് മൂത്ത പുത്രി പിതാവിന്റെ കിടക്കയിൽചെന്ന് അയാളുമായി ഇണചേർന്നു. ലൂത്ത് വളരെയധികം കുടിച്ചിരുന്നതിനാൽ മകൾവന്ന് കിടക്ക പങ്കിട്ടതോ എഴുന്നേറ്റ് പോയതോ അറിഞ്ഞില്ല.

പിറ്റേന്ന് മൂത്തമകൾ ഇളയവളോട് പറഞ്ഞു: കഴിഞ്ഞരാത്രി ഞാൻ അപ്പനുമായി കിടക്ക പങ്കുവെച്ചു. നമുക്കിന്നും അദ്ദേഹത്തെ വീഞ്ഞുകുടിപ്പിക്കാം. എന്നിട്ട് നിനക്ക് അദ്ദേഹവുമായി ഇണചേരാം. അങ്ങനെ നമുക്ക് കുട്ടികളുണ്ടാകുന്നതിനും കുടുംബം അവസാനിക്കാതിരിക്കുന്നതിനും നമ്മുടെ പിതാവിനെ ഉപയോഗിക്കാം. അങ്ങനെ ആ രാത്രിയും അവർ തങ്ങളുടെ പിതാവിനെ വീഞ്ഞു കുടിപ്പിച്ചു. എന്നിട്ട് ഇളയമകൾ അപ്പനുമായി ഇണചേർന്നു. വല്ലാതെ കുടിച്ചിരുന്നതിനാൽ ലൂത്തിന് ഇത്തവണയും മകളുടെ വരവറിയാൻ കഴിഞ്ഞില്ല.

ലൂത്തിന്റെ രണ്ട് പുത്രിമാരും ഗർഭിണികളായി. അവരുടെ കുട്ടികളുടെ അപ്പൻ അവരുടെ അപ്പനായിരുന്നു. മൂത്തവൾ ഒരാൺകുഞ്ഞിനെ പ്രസവിച്ചു. അവളവന് മോവാബ് എന്ന് പേരിട്ടു. ഇന്നുള്ള മുഴുവൻ മോവാബ്യ ജനതയുടെയും പിതാവ് അയാളായിരുന്നു. ഇളയവളും ഒരു പുത്രന് ജന്മംനൽകി. അവളവന് ബെൻഅമ്മീ എന്നും പേരിട്ടു. മേവാബ് എന്നാൽ ‘പിതാവിൽ നിന്ന്’ എന്നാണ് എബ്രായ ഭാഷയിൽ അർഥം. ബെൻ അമ്മീ ‘എന്റെ പിതാവിന്റെ പുത്രൻ’ അഥവാ എന്റെ ജനതയുടെ പുത്രൻ എന്നാണ് എബ്രായ ഭാഷയിൽ അർഥം” (ബൈബിൾ പഴയ നിയമം, ഉല്പത്തി പുസ്തകം:19:31-38).

ഇത്തരം മ്ലേച്ഛതകൾ തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ എഴുതിപ്പിടിപ്പിക്കുന്ന യഹൂദരുടെ മനഃസ്ഥിതിയാണ് ഏറെ ആശ്ചര്യജനകം.




**ഇസ്രയേലി വിശ്വാസപ്രകാരം ദൈവവുമായി മല്ലയുദ്ധം നടത്തിയവരുടെ മക്കളാണ് ഇസ്രയേല്യർ. അതിനാൽ പ്രവാചകന്മാരെ എതിർക്കുന്നതിലും ദൈവത്തോട് യുദ്ധം പ്രഖ്യാപിക്കുന്നതിലും അവർക്ക് ലവലേശം മടിയില്ലായിരുന്നു. ഞങ്ങൾ ദൈവദൂതനായ മസീഹിബ്ൻ മർയമിനെ കൊന്നുകളഞ്ഞുവെന്ന് നിസ്സങ്കോചം പ്രഖ്യാപിക്കുന്നതിൽ അവർക്ക് മടിയില്ലാതിരുന്നതും ഇക്കാരണങ്ങളാലാണ്.**

### നൂഹ് നബി(അ)ക്കെതിരിൽ

നൂഹ് നബി(അ)യെയും യഹൂദർ വെറുതെ വിട്ടില്ല. ബൈബിൾ പഴയനിയമത്തിൽ ഇങ്ങനെ വായിക്കാം: “നോഹ ഒരു കൃഷിക്കാരനായി. അവൻ ഒരു മുന്തിരിത്തോട്ടം വളർത്തി. നോഹ അതിൽനിന്നും വീഞ്ഞുണ്ടാക്കി കുടിച്ചു. നോഹ വീഞ്ഞുകുടിച്ച് മത്തുപിടിച്ചു. തന്റെ കൂടാരത്തിൽ കിടന്നു. അവൻ നഗ്നൻ ആയിരുന്നു. കനാന്റെ പിതാവായ ഹാം തന്റെ പിതാവിന്റെ നഗ്നത കണ്ടു. ഹാം ഇത് കൂടാരത്തിന് വെളിയിലുള്ള തന്റെ സഹോദരന്മാരോട് പറഞ്ഞു. അപ്പോൾ ശേമും യാഫേത്തും കൂടി ഒരു വസ്ത്രമെടുത്ത് തോളിലിട്ട് പുറംതിരിഞ്ഞ് കൂടാരത്തിനകത്ത് ചെന്ന് തങ്ങളുടെ പിതാവിന്റെ നഗ്നത മൂടി. അതിനാലവർ പിതാവിന്റെ നഗ്നത കണ്ടില്ല. നോഹ വീഞ്ഞിന്റെ ലഹരിയിൽ മയങ്ങിക്കിടക്കുകയായിരുന്നു. പക്ഷേ, ഉണർന്നപ്പോൾ തന്റെ ഇളയപുത്രനായ ഹാം തന്നോട് ചെയ്തതെന്താണെന്ന് നോഹ അറിഞ്ഞു. അതിനാൽ നോഹ പറഞ്ഞു: കനാൻ ശപിക്കപ്പെടട്ടെ! അവൻ തന്റെ സഹോദരങ്ങൾക്ക് അടിമയായിരിക്കട്ടെ...” (ഉല്പത്തി 9:20-25).

എത്രയോ മ്ലേച്ഛം ഈ ആരോപണം. ഒരു പ്രവാചകനെതിരിൽ മദ്യലഹരി ആരോപിക്കുക, തുടർന്ന് അദ്ദേഹത്തിന്റെ നഗ്നത മറയ്ക്കുവാൻ പ്രയത്നിക്കുന്ന മക്കൾ പിതാവിനാൽ അഭിശപ്തരാവുക. ഇതാണ് യഹൂദർ പ്രചരിപ്പിക്കുന്ന കപട ആത്മീയത. ■



ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 44

# ദൈവവിധിക്ക് അപ്പീൽ!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

"**1905** മാർച്ച് 17: സ്വപ്നത്തിൽ ആരോ എന്നോടു പറയുന്നത് കേട്ടു: 'മരണശിക്ഷ.' അതായത് നാൽപതു ദിവസത്തിനകം മരിക്കുമെന്നാണ് വിധി." 1956ലെ പതിപ്പിൽ 'മരണം' എന്നു മാത്രമാണുള്ളത്. 'വഹ്‌യി'ൽ കൂട്ടലും കുറക്കലും അതതുകാലത്തെ ഖലീഫമാരുടെ ഇഷ്ടമനുസരിച്ചാണല്ലോ!

"ഞാൻ മൗലവി മുഹമ്മദലിയോട് ചോദിച്ചു: 'ഈ വിധിക്ക് അപ്പീൽ അനുവദിക്കുമോ?"

"തീർച്ചയായും! അപ്പീൽ മാത്രമല്ല, അതിന്റെ മേൽക്കോടതിയും അപ്പീൽ അനുവദിക്കും.' അദ്ദേഹം പറഞ്ഞു."

"പിന്നെ മാർച്ച് 18ന് എനിക്ക് പനി ബാധിച്ചു. നല്ല വേദനയോടെയാണ് മൂത്രം പോകുന്നത്. പിന്നെ മൂത്രിക്കുന്നത് രക്തമാണ്. ഒരുപാട് രക്തം പോയി. രാത്രി വഹ്‌യ് വന്നു: 'കേൾക്കുന്നുണ്ട്, കാണുന്നുമുണ്ട്.' തുടർന്ന് അറബിയിൽ; 'അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിരാശരാകരുത്.' തുടർന്നുവന്ന വാക്യം വ്യക്തമല്ല. അർഥമിതാണ്: 'കളവാക്കുന്നവർക്ക് അടയാളങ്ങൾ കാണിക്കപ്പെടും.'"

"പിന്നെ രോഗം ശമിച്ചു. അല്ല, സുഖമായി. അൽപം നീറ്റൽ മാത്രം ബാക്കിയുണ്ട്" (പേജ് 445-446). ആദ്യം മരണശിക്ഷ വിധിച്ചത് ദൈവിക കോടതിയായിരിക്കുമല്ലോ. പിന്നെ അപ്പീൽ അനുവദിച്ചത് ഏതു കോടതിയാണെന്ന് ആരോട് ചോദിക്കാൻ!

**രോഗമുക്തി പിടിച്ചുവാങ്ങുന്നു!**

"1903 ഒക്ടോബർ 25: മുഹമ്മദ് അലി ഖാന്റെ ചെറിയ മകൻ അബ്ദുറഹീമിന് കടുത്ത പനി ബാധിച്ചു. ബോധം നശിച്ചു. മരണത്തിന്റെ കാലൊച്ച കേൾക്കയായി. അവന്റെ കാര്യം വളരെ വഷളാണെന്നും പ്രാർ

ഥിക്കണമെന്നും ഹകീം നൂറുദ്ദീൻ വന്ന് പറഞ്ഞു. ദീർഘനേരം തഹജ്ജുദിന്റെ സുജൂദിൽ ദുആ ചെയ്തു. അപ്പോൾ അല്ലാഹുവിന്റെ വഹ്‌യ് വന്നു: 'വിധി മാറ്റപ്പെടില്ല, മരണം വിധിക്കപ്പെട്ടതാണ്.'

ഈ കോപത്തിന്റെ വഹ്‌യ് വന്നതോടെ എന്റെ ദുഃഖം പരിധിവിട്ടു. ഞാൻ നിയന്ത്രണം വിട്ടപോലെ പറഞ്ഞു: 'അല്ലാഹുവേ, ഇത് പ്രാർഥനയുടെ സമയമല്ലെങ്കിൽ ഞാനിതാ ശിപാർശ ചെയ്യുന്നു. അതിന്റെ സന്ദർഭമാണല്ലോ.' ഉടനെ വഹ്‌യ് വന്നു: 'ആകാശത്തും ഭൂമിയിലുമുള്ള എല്ലാ സൃഷ്ടിജാലങ്ങളും അവനെ വാഴ്ത്തുന്നു. ആരാണ് അവന്റെ സമ്മതം കൂടാതെ അവനോട് ശിപാർശ ചെയ്യുക?' രണ്ടു മിനുട്ട് കഴിഞ്ഞില്ല; വന്നു മറ്റൊരു വഹ്‌യ്: 'നിശ്ചയമായും നിനക്ക് അനുവാദം നൽകിയിരിക്കുന്നു.' അനുനിമിഷം അബ്ദുറഹീമിന്റെ രോഗം ഭേദമാകാൻ തുടങ്ങി. നോക്കിനിൽക്കെ അവൻ എഴുന്നേറ്റിരുന്നു. സമ്മതിച്ചേ പറ്റൂ, മരിച്ചയാൾ ജീവിച്ചതുതന്നെ, സംശയമില്ല" (പേജ് 412-413).

ഇത് പ്രാർഥനയല്ല, ശുപാർശയുമല്ല. പിടിച്ചുവാങ്ങിയതാണ്. മരണം വിധിക്കപ്പെട്ടതായിരുന്നു. അതാണ് തട്ടിമാറ്റിയത്. അതുകൊണ്ടുതന്നെ മരിച്ചവരെ പുനരുജ്ജീവിപ്പിച്ചു എന്നു പറയാം! മരിച്ചവരെ ജീവിപ്പിക്കുന്നതിൽ താൻ കേമനാണെന്ന് വരുത്തിത്തീർക്കാൻ മിർസ ഇതിനു മുമ്പും ശ്രമിച്ചതിനുള്ള തെളിവുകൾ നൽകിയത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ. ഇതെല്ലാം അപ്പടി വിശ്വസിക്കുന്നവരാണ് അനുയായികൾ എന്നതാണ് ആശ്ചര്യകരം!

**ദിവസേന നൂറു തവണ...!**

"പ്രമേഹത്തിന്റെ മൂർധന്യത്തിൽ ചിലപ്പോൾ ദിനേന നൂറു തവണ മൂത്രമൊഴിക്കേണ്ടിവന്നിരുന്നു. രണ്ടു കക്ഷങ്ങളിലും കഴപ്പ് വന്നു. പ്രമേഹക്കുരു ഉണ്ടാകുമോ എന്ന് ഞാൻ ഭയപ്പെട്ടു. പ്രാർഥിച്ചുകൊണ്ടിരിക്കെ വഹ്‌യ് വന്നു:

**"1905ലാണ് അടുത്ത സംഭവം? അസുഖം ബാധിച്ചു കിടപ്പിലായ ഒരു നാൾ, കശ്ഫിൽ ഒരു കുപ്പി കണ്ടു. അതിന്മേൽ 'വിനീതനായ കർപ്പൂരത്തുളസി' എന്ന് എഴുതിയിരിക്കുന്നു'' (പേജ് 443). ജാഗ്രദ് ദർശനത്തിൽ കണ്ട വളരെ 'വിനീതനായ കർപ്പൂരത്തുളസി' കഴിച്ചു രോഗം ഭേദമായോ? ഏതാണീ വിനീതനായ കർപ്പൂരത്തുളസി? എല്ലാ തുളസിയും അതിൽ പെടുമോ? ആരോടു ചോദിക്കാൻ!**

'മരണമാണെ സത്യം, അത് വിടപറയുമ്പോൾ.' അന്നുമുതൽ നമ്മുടെ ജീവിതത്തിലെ ഓരോ സെക്കന്റും ഓരോ അടയാളമാകുന്നു"(പേജ് 313).

മരണം വിടപറയുകയും ജീവിതത്തിലെ ഓരോ സെക്കന്റും അടയാളമാവുകയും ചെയ്തു എന്നതുകൊണ്ട് എന്തായിരിക്കും ഉദ്ദേശിച്ചത്? ജീവൻ വിടവാങ്ങുക എന്നാൽ മരിക്കുക എന്നാണല്ലോ. അതിന്റെ വിപരീതമാകുമോ ഇത്? അതെങ്ങനെയാണ് ഭംഗിയായി പുലർന്നത്? ആർക്കറിയാം!

"ഒരിക്കൽ നന്നായി പനിച്ചു. ഇൽഹാം വന്നപ്പോൾ സുഖപ്പെട്ടു. 'അസ്സലാമു അലൈക്കും' എന്നായിരുന്നു ഇൽഹാം" (പേജ് 332).

ചിലപ്പോൾ ഇൽഹാം വരുന്നു, രോഗം സുഖമാകുന്നു. മറ്റു ചിലപ്പോൾ സുഖമാകുമ്പോൾ ഇൽഹാം വരുന്നു. വല്ലാത്തൊരു കളി തന്നെ!

**വിനീതനായ കർപ്പൂരത്തുളസി!**

"1905ലാണ് അടുത്ത സംഭവം? അസുഖം ബാധിച്ചു കിടപ്പിലായ ഒരു നാൾ, കശ്ഫിൽ ഒരു കുപ്പി കണ്ടു. അതിന്മേൽ 'വിനീതനായ കർപ്പൂരത്തുളസി' എന്ന് എഴുതിയിരിക്കുന്നു" (പേജ് 443).

ജാഗ്രദ് ദർശനത്തിൽ കണ്ട വളരെ 'വിനീതനായ കർപ്പൂരത്തുളസി' കഴിച്ചു രോഗം ഭേദമായോ? ഏതാണീ വിനീതനായ കർപ്പൂരത്തുളസി? എല്ലാ തുളസിയും അതിൽ പെടുമോ? ആരോടു ചോദിക്കാൻ!

**പാതി മരണം, പാതി രോഗശാന്തിയും**

"കഠിനമായ രോഗം ബാധിച്ച, നമ്മുടെ ജമാഅത്തിലെ നാലുപേരിൽ ഒരാളെക്കുറിച്ച് ഇൽഹാം വന്നു: 'അല്ലാഹു അവനെ സുഖപ്പെടുത്തുമായിരുന്നില്ല. നിസ്സാരമായ പ്രവൃത്തി. മസീഹിന്റെ അമാനുഷികത!' അവന്റെ മരണം വിധിച്ചതായിരുന്നു. എന്നാൽ മസീഹിന്റെ മുഅ്ജിസത്ത് എന്ന നിലയിൽ അവനു സുഖമായി" (പേജ് 469).

ഈ 'അവൻ' നാസർ നവാബിന്റെ മകൻ മുഹമ്മദ് ഇസ്ഹാക് (മിർസയുടെ അളിയൻ) ആണെന്ന് അടിക്കുറിപ്പിൽ പറയുന്നു. എന്നാൽ മൗലവി അബ്ദുൽ കരീമിന്റെ രോഗശാന്തിയുമായി ബന്ധപ്പെട്ടാണ് ഈ വഹ്‌യിന്റെ ആദ്യഭാഗം അവതരിപ്പിച്ചതെന്ന് ഖാദിയാനി പ്രവാചകൻ പലവുരു എഴുതിയിട്ടുണ്ട്. വഹ്‌യിന്റെ ആദ്യഭാഗത്തെ 'സുഖപ്പെടില്ല' എന്നത് മരിച്ച ആളെപ്പറ്റിയും തുടർന്നുള്ള രണ്ടു വാക്യങ്ങൾ സുഖമായവനെപ്പറ്റിയും ആണെന്നാണ് വിശദീകരണം. അത് അങ്ങനെത്തന്നെ വിശ്വസിച്ചാൽ മതി. അതാണ് ഖാദിയാനി ആകാനുള്ള യോഗ്യത!

*(തുടരും)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
39

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ
ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ ۖ وَإِذَا ذُكِرَ
ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ٤٥
قُلِ ٱللَّهُمَّ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ عَٰلِمَ
ٱلْغَيْبِ وَٱلشَّهَٰدَةِ أَنتَ تَحْكُمُ بَيْنَ عِبَادِكَ فِى
مَا كَانُوا۟ فِيهِ يَخْتَلِفُونَ ٤٦
وَلَوْ أَنَّ لِلَّذِينَ ظَلَمُوا۟ مَا فِى ٱلْأَرْضِ
جَمِيعًا وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦ مِن سُوٓءِ ٱلْعَذَابِ
يَوْمَ ٱلْقِيَٰمَةِ ۚ وَبَدَا لَهُم مِّنَ ٱللَّهِ مَا لَمْ يَكُونُوا۟
يَحْتَسِبُونَ ٤٧

45. അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ടചിത്തരാകുന്നു.
46. പറയുക: ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവും അദൃശ്യവും ദൃശ്യവും അറിയുന്നവനുമായ അല്ലാഹുവേ, നിന്റെ ദാസന്മാർക്കിടയിൽ അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ നീ തന്നെയാണ് വിധി കൽപിക്കുന്നത്.
47. ഭൂമിയിലുള്ളത് മുഴുവനും അതോടൊപ്പം അത്രയുംകൂടിയും അക്രമം പ്രവർത്തിച്ചവരുടെ അധീനത്തിൽ ഉണ്ടായിരുന്നാൽ പോലും ഉയിർത്തെഴുന്നേൽപിന്റെ നാളിലെ കടുത്ത ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അതവർ പ്രായശ്ചിത്തമായി നൽകിയേക്കും. അവർ കണക്കുകൂട്ടിയിട്ടില്ലായിരുന്ന പലതും അല്ലാഹുവിങ്കൽ നിന്ന് അവർക്ക് വെളിപ്പെടുകയും ചെയ്യും.

45). ഇവിടെ പരാമർശിക്കുന്നത് ശിർക്ക് ചെയ്യുന്നവരുടെ അവസ്ഥയും ശിർക്കുമൂലം അവർക്കുണ്ടാകുന്ന സമീപനവുമാണ്. അവരോട് (അല്ലാഹുവിനെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ) അവന്റെ ഏകത്വവും കീഴ്വണക്കം അവന് മാത്രമാക്കണമെന്നും മറ്റുള്ളവരെ ആരാധിച്ചുകൂടെന്നും പറയപ്പെട്ടാൽ അവർ അസഹ്യത കാണിക്കുന്നു. ഓടിപ്പോവുകയും വളരെയധികം അതിനെ വെറുക്കുകയും ചെയ്യുന്നു.

(അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രഖ്യാപിക്കപ്പെട്ടാലോ) വിഗ്രഹങ്ങളെക്കുറിച്ചും സമന്മാരെക്കുറിച്ചും പറയുകയും അവയെ ആരാധിക്കാൻ ആവശ്യപ്പെടുകയും ചെയ്താൽ. (അപ്പോഴതാ അവർ സന്തുഷ്ടചിത്തരാകുന്നു) അവരുടെ ആരാധ്യവസ്തുക്കളെ പരാമർശിച്ചതിലുള്ള സന്തോഷത്താൽ. ശിർക്കിനോടാണ് അവരുടെ മനസ്സുകൾക്ക് ആഭിമുഖ്യം. ഇത് വളരെ മോശമായ കാര്യമാണ്. എന്നാൽ പ്രതിഫലദിനത്തിൽ അവരുടെ കാര്യം തീരുമാനമാകും. അവിടെ സത്യം പുലരും. അല്ലാഹുവിന് പുറമെ അവർ ആരാധിച്ചിരുന്നവർ അവർക്ക് തുണയാകുമോ?

46) അതാണ് അല്ലാഹു പറഞ്ഞത്: (പറയുക, ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവും) അവ രണ്ടിനെയും സൃഷ്ടിച്ചതും നിയന്ത്രിച്ചതും. (ദൃശ്യവും അദൃശ്യവും അറിയുന്നവൻ) നമ്മുടെ കാഴ്ചയ്ക്കും അറിവിനും അപ്പുറമുള്ളത് അറിയുന്നവൻ. (ദൃശ്യവും) നമുക്ക് അറിയാൻ കഴിയുന്നത്. (നിന്റെ ദാസന്മാർക്കിടയിൽ അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ നീതന്നെയാണ് വിധി കൽപിക്കുന്നത്) അഭിപ്രായ ഭിന്നതകളിൽ ഏറ്റവും വലുത് നിഷ്കളങ്കരായ ഏകദൈവവിശ്വാസികൾക്കിടയിലുള്ള ഭിന്നതയാണ്.

അവർ സത്യത്തിൽ നിലകൊള്ളുന്നവരാണ്.

പരലോകത്തെ നന്മ അവർക്ക് മാത്രമുള്ളതാണ്. എന്നാൽ ബഹുദൈവ വിശ്വാസികളാവട്ടെ, അവർ നിനക്ക് പുറമെ സമന്മാരെയും ആരാധ്യവസ്തുക്കളെയും ഉണ്ടാക്കി. നിനക്കൊരിക്കലും സമാനമല്ലാത്തവരെ നിനക്ക് സമന്മാരാക്കി. നിന്നിൽ ന്യൂനതകൾ ആരോപിച്ചു. അവരുടെ ആരാധ്യരെക്കുറിച്ച് പറയുമ്പോൾ അവർ സന്തോഷം പ്രകടിപ്പിച്ചു. നിന്നെക്കുറിച്ച് പറയുമ്പോഴാകട്ടെ, അവർക്ക് അസഹ്യത അനുഭവപ്പെടുകയും ചെയ്യുന്നു. എന്നിട്ടും അവർ സത്യത്തിലാണ് നിലകൊള്ളുന്നതെന്ന് വാദിക്കുന്നു; മറ്റുള്ളവർ അസത്യത്തിലാണെന്നും അവർക്കാണ് നന്മയുള്ളതെന്നും.

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلصَّـٰبِـِٔينَ
وَٱلنَّصَـٰرَىٰ وَٱلْمَجُوسَ وَٱلَّذِينَ أَشْرَكُوٓا۟
إِنَّ ٱللَّهَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿١٧﴾

"സത്യവിശ്വാസികൾ, യഹൂദന്മാർ, സാബീ മതക്കാർ, ക്രിസ്ത്യാനികൾ, മജൂസികൾ, ബഹുദൈവവിശ്വാസികൾ എന്നിവർക്കിടയിൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും അല്ലാഹു തീർപ്പ് കൽപിക്കുന്നതാണ്. തീർച്ച യായും അല്ലാഹു എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു" (22:27).

തീർപ്പ് കൽപിക്കുന്നതിനെക്കുറിച്ച് അല്ലാഹു നമ്മെ അറിയിക്കുന്നു:

هَـٰذَانِ خَصْمَانِ ٱخْتَصَمُوا۟ فِى رَبِّهِمْ ۖ فَٱلَّذِينَ
كَفَرُوا۟ قُطِّعَتْ لَهُمْ ثِيَابٌ مِّن نَّارٍ يُصَبُّ
مِن فَوْقِ رُءُوسِهِمُ ٱلْحَمِيمُ ﴿١٩﴾ يُصْهَرُ بِهِۦ
مَا فِى بُطُونِهِمْ وَٱلْجُلُودُ ﴿٢٠﴾ وَلَهُم مَّقَـٰمِعُ مِنْ حَدِيدٍ ﴿٢١﴾

"'ഈ രണ്ടു വിഭാഗം രണ്ട് എതിർകക്ഷികളാകുന്നു. തങ്ങളുടെ രക്ഷിതാവിൻെറ കാര്യത്തിൽ അവർ എതിർവാദക്കാരായി. എന്നാൽ അവിശ്വസിച്ചവരാരോ അവർക്ക് അഗ്നികൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ചുകൊടുക്കപ്പെടുന്നതാണ്. അവരുടെ തലയ്ക്കു മീതെ തിളയ്ക്കുന്ന വെള്ളം ചൊരിയപ്പെടുന്നതാണ്. അതു നിമിത്തം അവരുടെ വയറുകളിലുള്ളതും ചർമങ്ങളും ഉരുക്കപ്പെടും. അവർക്ക് ഇരുമ്പിൻെറ ദണ്ഡുകളുമുണ്ടായിരിക്കും.' (22:19-21).

തുടർന്ന് പറയുന്നത്:

إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟
ٱلصَّـٰلِحَـٰتِ جَنَّـٰتٍ تَجْرِى مِن تَحْتِهَا
ٱلْأَنْهَـٰرُ يُحَلَّوْنَ فِيهَا مِنْ أَسَاوِرَ
مِن ذَهَبٍ وَلُؤْلُؤًا ۖ وَلِبَاسُهُمْ فِيهَا حَرِيرٌ ﴿٢٣﴾

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ തീർച്ചയായും അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്. അവർക്ക് അവിടെ സ്വർണ വളകളും മുത്തും അണിയിക്കപ്പെടുന്നതാണ്. പട്ടായിരിക്കും അവർക്ക് അവിടെയുള്ള വസ്ത്രം" (22:23).

ഈ വചനങ്ങളിൽ അല്ലാഹു തന്റെ സൃഷ്ടിപ്പിന്റെയും അറിവിന്റെയും വിശാലതയും തന്റെ അടിമകൾക്കിടയിലുള്ള അവന്റെ തീരുമാന ത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. അവന്റെ കഴിവിൽനിന്നാണ് സർവ സൃഷ്ടികളും ഉണ്ടായത്. അവന്റെ അറിവ് എല്ലാ വസ്തുക്കളെയും ബന്ധപ്പെട്ടു നിൽക്കുന്നു. ഇതിൽ നിന്നും അവന്റെ നിയമങ്ങളുടെ യുക്തിപരതയും ഉയിർത്തെഴുന്നേൽപിക്കാനുള്ള അവന്റെ കഴിവും അവരെക്കുറിച്ചുള്ള അവന്റെ അറിവും മനസ്സിലാകുന്നു. അവരുടെ പ്രവർത്തനങ്ങളിലെ ശരിയും തെറ്റും പ്രതിഫലങ്ങളുടെ തോതും അവനറിയുന്നു. സൃഷ്ടിച്ചു എന്നത് അവൻ എല്ലാം അറിയും എന്നതിനുള്ള തെളിവാണ്.

أَلَا يَعْلَمُ مَنْ خَلَقَ

"സൃഷ്ടിച്ചവൻ അറിയുകയില്ലയോ?"(67:14).

47). അല്ലാഹുവാണ് തന്റെ ദാസന്മാർക്കിടയിൽ തീർപ്പു കൽപിക്കുന്നത് എന്ന് പറയുമ്പോൾ തന്നെ മുശ്രിക്കുകളുടെ മോശമായ പ്രസ്താവനകളും പരാമർശിക്കുന്നുണ്ട്. ഇത്തരം വാക്കുകൾ പറയുന്നവരുടെ ശിക്ഷ ഉയിർത്തെഴുന്നേൽപുനാളിൽ എന്തായിരിക്കുമെന്നറിയാൻ മനസ്സുകൾ കൊതിക്കുന്നതുപോലെയാണ് തുടർന്ന് പറയുന്നത്. അവർക്കുള്ളത്: (കടുത്ത ശിക്ഷ) ഏറ്റവും കഠിനമായതും വഷളായതും, അവരുടെ നിഷേധത്തിന്റെയും നീചവൃത്തിയുടെയും തോതനുസരിച്ച്. ഇനി ഭൂമിയിലുള്ളത് സർവതും; അതായത് അതിലുള്ള സ്വർണം, വെള്ളി, മുത്ത്, ജീവികൾ, മരങ്ങൾ, കൃഷികൾ, വിവിധ പാത്രങ്ങൾ, വീട്ടുപകരണങ്ങൾ അത്രതന്നെ വേറെയും അവർക്കുണ്ടെന്ന് സങ്കൽപിച്ചാലും അത് മുഴുവനും ശിക്ഷയ്ക്ക് പകരമായി നൽകാമെന്ന് വിചാരിച്ചാലും അവ സ്വീകരിക്കപ്പെടുകയോ അതിൽ നിന്ന് അവർ രക്ഷപ്പെടുകയോ ചെയ്യില്ല. ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അവർക്കാവില്ല. അത് അവരിൽനിന്ന് സ്വീകരിക്കപ്പെടുകയുമില്ല.

يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ﴿٨٨﴾ إِلَّا مَنْ أَتَى ٱللَّهَ
بِقَلْبٍ سَلِيمٍ ﴿٨٩﴾

"അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൾ ചെന്നവർക്കൊഴികെ" (26:88,89).

(അവർ കണക്കുകൂട്ടിയിട്ടില്ലായിരുന്ന പലതും അല്ലാഹുവിങ്കൽനിന്ന് അവർക്ക് വെളിപ്പെടുകയും ചെയ്യും) അവർ വിചാരിച്ചിരുന്നതല്ല അവർ ഏൽക്കേണ്ടിവരുന്ന അല്ലാഹുവിന്റെ കോപത്തിന്റെയും വെറുപ്പിന്റെയും കാഠിന്യം.



# പ്രയാസപ്പെടുന്നവരെ സഹായിക്കുക

**അബൂഫായിദ**

സ്കൂൾ വിട്ടാൽ സാവകാശം നടന്ന് വീട്ടിലെത്താറുള്ള ജാസിമും അനുജൻ ഫാഹിമും അന്ന് ഓടിയാണെത്തിയത്. ബാഗ് മേശപ്പുറത്തു വെച്ചുകൊണ്ട് ജാസിം ഉറക്കെ പറഞ്ഞു: "ഉമ്മാ! അസ്സലാമു അലൈക്കും."

"വ അലൈക്കുമുസ്സലാം. എന്താ മക്കളേ, ഇന്ന് ഓടിക്കിതച്ചാണല്ലോ എത്തിയിരിക്കുന്നത്. എന്തുപറ്റി? നായയോ മറ്റോ പിന്നാലെ കൂടിയോ?" ചോദിച്ചു. "അതൊന്നുമല്ല ഉമ്മാ കാര്യം" ഫാഹിം പറഞ്ഞു.

"പിന്നെ എന്താണു കാര്യം? എന്തോ സംഭവിച്ചതുപോലുണ്ടല്ലോ." ഉമ്മ ജിജ്ഞാസയോടെ ചോദിച്ചു. "ഉമ്മാ അല്ലാഹു എന്നെ ഏറെ ഇഷ്ടപ്പെടുന്ന ഒരു കാര്യം ഞാൻ ചെയ്തു." ജാസിം പറഞ്ഞു. "ഞാനും." ഫാഹിം കൂട്ടിച്ചേർത്തു. "ഓ! അതുശരി. ഞാൻ പേടിച്ചുപോയി. ആകട്ടെ, എന്താണു മക്കൾ ചെയ്ത വലിയ കാര്യം?"

ജാസിം പറഞ്ഞു:"ഞങ്ങൾ നടന്നു വരുമ്പോൾ റോട്ടിൽ കണ്ണുകാണാത്ത ഒരാളെ കണ്ടു. റോഡ് മുറിച്ചുകടക്കാനുള്ള ശ്രമത്തിലായിരുന്നു അയാൾ. എന്നാൽ വണ്ടികളൊന്നു പോയിക്കഴിഞ്ഞിട്ടു വേണ്ടേ റോഡു മുറിച്ചു കടക്കാൻ! അങ്ങോട്ടുമിങ്ങോട്ടും വണ്ടികൾ പരക്കം പായുന്നതിനാൽ അയാൾ പ്രയാസപ്പെട്ടു നിൽക്കുകയായിരുന്നു. അപ്പോൾ ഞാനയാളുടെ കൈപിടിച്ച് അപ്പുറത്തെത്തിച്ചു..."

ജാസിം പറഞ്ഞ് പൂർത്തിയാക്കും മുമ്പ് ഫാഹിം ഇടപെട്ടു: "ഉമ്മാ, ഞാനും അയാളെ സഹായിച്ചു. ആ സാധുവായ മനുഷ്യന് എന്റെ കൈയിലുണ്ടായിരുന്ന രണ്ടുരൂപ ഞാൻ കൊടുത്തു."

"ഫാഹിം പറഞ്ഞത് ശരിയാണുമ്മാ. അവന്റെ കൈയിലുണ്ടായിരുന്ന രണ്ടുരൂപ അവൻ അയാൾക്കു കൊടുത്തു. മിഠായി വാങ്ങാൻ എനിക്കു തന്നിരുന്ന രണ്ടുരൂപ ഞാനും കൊടുത്തു." അനുജന് ഞാൻ വിട്ടുകൊടുക്കില്ല എന്ന മട്ടിൽ ജാസിം കൂട്ടിച്ചേർത്തു.

ഉമ്മ സന്തോഷത്തോടെ ചിരിച്ചുകൊണ്ട് പറഞ്ഞു: "വളരെ നന്നായി മക്കളേ, നിങ്ങൾ ചെയ്തത് വളരെ നന്നായി. എന്നാൽ നിങ്ങൾ ഒരു കാര്യം കൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ കൂടുതൽ നന്നായിരുന്നു."

"അതെന്താണുമ്മാ...?" രണ്ടു പേരും ഒന്നിച്ചാണതു ചോദിച്ചത്.

"ഒരാളെ സഹായിച്ചാൽ അത് മറച്ചുവെക്കുന്നതാണ് കൂടുതൽ ഉചിതം. ഖലീഫ ഉമർ(റ) തന്റെ പ്രജകളുടെ സ്ഥിതിഗതികൾ കണ്ടറിയാനായി താൻ ആരാണെന്നറിയാതിരിക്കാൻ രാത്രിയിൽ വേഷംമാറി ചുറ്റിസഞ്ചരിച്ചിരുന്നതും കഷ്ടപ്പെടുന്നവരെ സഹായിച്ചിരുന്നതും നിങ്ങൾ കേട്ടിട്ടില്ലേ? അല്ലാഹുവിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ചുകൊണ്ട് തങ്ങളാൽ കഴിയുന്ന സഹായങ്ങൾ അന്യർക്ക് ചെയ്തുകൊടുക്കുക. ചെയ്ത സഹായങ്ങൾ പരസ്യപ്പെടുത്താതിരിക്കുക. അതാണ് കൂടുതൽ പുണ്യകരം. ഏതായാലും നിങ്ങൾ ചെയ്തത് ഉമ്മാക്ക് ഇഷ്ടമായി. അല്ലാഹു നിങ്ങളുടെ സൽപ്രവൃത്തിക്ക് തക്കതായ പ്രതിഫലം തരട്ടെ." "ആമീൻ." ജാസിമും ഫാഹിമും ഒപ്പം പറഞ്ഞു.

"കർമങ്ങൾ സ്വീകരിക്കപ്പെടുക ഉദ്ദേശ്യമനുസരിച്ചാണെന്നും ജനങ്ങളെ കാണിക്കാനായി സൽകർമങ്ങൾ ചെയ്താൽ അത് ശിക്ഷാർഹമാണെന്നും നബി(സ്വ) പറഞ്ഞതായി ഞങ്ങൾ പഠിച്ചിട്ടുണ്ട്. ഞങ്ങൾ അന്ധനെ സഹായിച്ചത് ഉമ്മാനോട് പറഞ്ഞ് തെറ്റാണോ ഉമ്മാ? ഞങ്ങൾക്ക് അല്ലാഹു പ്രതിഫലം തരില്ലേ?" അൽപം വിഷമത്തോടെയാണ് ജാസിം ചോദിച്ചത്.

"എന്റെ മക്കൾ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചല്ലേ സഹായം ചെയ്തത്? അതിനാൽ പ്രതിഫലം ലഭിക്കാതിരിക്കില്ല. ഒരു നന്മ ചെയ്യാനായ സന്തോഷം ഉമ്മാനെ അറിയിച്ചതും തെറ്റല്ല. എന്നാലിനി പുറത്തിറങ്ങി കണ്ടവരോടൊക്കെ ഇതു പറഞ്ഞു നടക്കാതിരുന്നാൽ മതി." ഉമ്മ ഇരുവരെയും സമാധാനിപ്പിച്ചു.

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478

http://www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
16 December 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm